# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ജി.പി. 8/600/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ജി.പി. 8/600/2022 തീയ്യതി: 12/05/2022

## തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 22-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 02-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-03-2022 | 02-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ
ശ്രീ. രഞ്ജിത്.സി., ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഇന്ദിര.ടി. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. അനിൽ.ആർ. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 01-04-2020 | 22-09-2020 |
| ശ്രീ. ശ്രീകുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2020 | 04-10-2020 |
| ശ്രീ. ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 05-10-2020 | 02-02-2021 |
| ശ്രീ. ശ്രീകുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2021 | 16-02-2021 |
| ശ്രീ. ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 17-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനശ്വര | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അഭിലാഷ്.ആർ. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. പത്മപ്രസാദ് | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. അശ്വതി.കെ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീകാന്ത്.വി.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ. മഹേഷ്.എം.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2020 | 31-03-2021 |
| ശ്രീ. നൌഫൽ.എ.എച്ച്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി ബ്രിന്ദ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 01-04-2020 | 22-09-2020 |
| ശ്രീ. ശ്രീകുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ് | 23-09-2020 | 04-10-2020 |
| ശ്രീ.ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 05-10-2020 | 02-02-2021 |
| ശ്രീ. ശ്രീകുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ് | 03-02-2021 | 16-02-2021 |
| ശ്രീ.ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 17-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി രമ്യ.കെ.ആർ. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 16-11-2020 |
| ശ്രീമതി ദീപ.ഡി.ആർ. | അസിസ്റ്റൻറ് എഞ്ചിനീയർ | 17-11-2020 | 28-12-2020 |
| ശ്രീമതി രമ്യ.കെ.ആർ. | അസിസ്റ്റൻറ് എഞ്ചിനീയർ | 29-12-2020 | 31-03-2021 |
| ശ്രീ. ബൈജു.കെ. | എച്ച്.എം.- ഗവ. യു.പി.എസ്. മാതശേരിക്കോണം | 01-04-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ.ഐ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi S (Senior Grade Auditor, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണം - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-1-1 |
| 3 | ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 02-04-2022)<br>Last Updated By: K Sreeja (Deputy Director, On 12-05-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: K Sreeja (Deputy Director, On 12-05-2022) | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: K Sreeja (Deputy Director, On 12-05-2022) | 1-5-1 |
| 9 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-5-2 |
| 10 | ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-5-3 |
| 11 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 31-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 06-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Manesh.B.H (Audit Officer, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-9 |
| 15 | വിതരണം ചെയ്ത ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല.<br>Written By: Sebin Sebastian (Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-10 |
| 16 | പ്രൊക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Manesh.B.H (Audit Officer, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-11 |
| 17 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Manesh.B.H (Audit Officer, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-12 |

| | | |
|---|---|---|
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Manesh.B.H (Audit Officer, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-13 |
| 19 | ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല.<br>Written By: Manesh.B.H (Audit Officer, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-14 |
| 20 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല.<br>Written By: Manesh.B.H (Audit Officer, On 04-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-15 |
| 21 | ഓഫീസ് വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-16 |
| 22 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17 |
| 23 | പുതിയ അക്കൗണ്ട് തുടങ്ങുന്നതിനായി തുക അനുവദിച്ചു - അക്കൗണ്ട് ആരംഭിച്ചതിനുള്ള രേഖ ഹാജരാക്കിയില്ല.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17-1 |
| 24 | പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17-2 |
| 25 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17-3 |
| 26 | വൗച്ചറിനോടൊപ്പം അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17-4 |
| 27 | പിഎച്ച്സി ഡോക്ടറുടെ താൽക്കാലിക നിയമനം - ഫയൽ ഹാജരാക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-17-5 |
| 28 | വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 25,440/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-05-2022) | 1-18 |
| 29 | തരിശ്ഭൂമി നെൽകൃഷി - അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-19 |
| 30 | കിണർ റീചാർജ്ജിംഗ് - വരുമാനരേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-20 |
| 31 | പത്രപ്പരസ്യം - നിരക്ക് കണക്കാക്കിയതിൽ അപാകത.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-21 |
| 32 | കമ്പ്യൂട്ടർ എ.എം.സി - ഉപകരണങ്ങളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-22 |
| 33 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - വാഹന വാടക വിശദാംശം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-23 |
| 34 | ജലജീവൻ മിഷൻ - ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-24 |

| | | |
|---|---|---|
| 35 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-25 |
| 36 | കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിൽ കാലതാമസം.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-26 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരങ്ങളില്ല.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-27 |
| 38 | സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-28 |
| 39 | ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്തവർക്ക് ധന സഹായം അനുവദിച്ചു.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-29 |
| 40 | പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടമില്ലാതെ പദ്ധതി നിർവ്വഹണം നടത്തി.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-30 |
| 41 | ഗുണഭോക്തൃ വിഹിതം കൈമാറിയതിന്റെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-31 |
| 42 | ടെണ്ടർ നടപടികൾ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-32 |
| 43 | സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ- രേഖകൾ അപൂർണം.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-05-2022) | 1-33 |
| 44 | സിവിൽ സർവീസ് പരീക്ഷ പരിശീലനം- കരാർ പത്രം ചമയ്ക്കാതെ മുൻകൂറായി തുക അനുവദിച്ചു.<br>Written By: Renjith C (Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 1-34 |
| 45 | കൊട്ടാരം തുരുത്ത് വടക്കുവിളാകം ഇടവഴി ഇന്റർലോക്ക് പാകൽ – ബോർഡ് സ്ഥാപിച്ചില്ല – 5707/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Manesh.B.H (Audit Officer, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-05-2022) | 1-35 |
| 46 | 7 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പണ്ടാരത്തോപ്പ് ഓട ഭാഗികമായി മൂടിയ നിലയിൽ.<br>Written By: Manesh.B.H (Audit Officer, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 1-36 |
| 47 | വയൽതിട്ട കുളം നവീകരണത്തിനായി മൂന്ന് പ്രോജക്ടുകൾ.<br>Written By: Manesh.B.H (Audit Officer, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 1-37 |
| 48 | എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു.<br>Written By: Manesh.B.H (Audit Officer, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 1-38 |
| 49 | ടെന്ററുകൾക്ക് മത്സര സ്വഭാവമില്ല.<br>Written By: Manesh.B.H (Audit Officer, On 05-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 1-39 |
| | ഭാഗം **2** | |
| 1 | .<br>Written By: Manesh.B.H (Audit Officer, On 06-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 2-1 |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | .<br>Written By: Manesh.B.H (Audit Officer, On 06-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi S (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 01-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 06-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 31-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ സാധാരണ യോഗം 1/1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ അടിയന്തിര യോഗം 1/1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 33,58,87,432/- രൂപ വരവും 33,21,37,749/-രൂപ ചെലവും 37,49,683/- രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് 19.02.2021-ൽ അംഗീകരിച്ചത്.

## 1-1-1 ബജറ്റ് രൂപീകരണം - അപാകതകൾ

1. ലഭ്യമാക്കിയ 2020-21 വർഷത്തെ ബജറ്റ് ഫയലിൽ ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ടിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

2. തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള, കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടേയും ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി നൽകിയതും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ (തീയതി ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 30/31.03.22) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-1-2 ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | ക്ഷീരവികസനം - സംഭരണവും വിപണനവും | 2501046 | 220000 | 1419090 |

| | | | | |
|---|---|---|---|---|
| 2 | മറ്റ് നിർമിതികൾ - പാർശ്വ ഭിത്തി | 2523102 | 0 | 99808 |
| 3 | ഹെൽത്ത് സെന്ററുകൾ/ ആശുപത്രികൾ/ഡിസ്പെൻസറികൾ | 2512001 | 0 | 483080 |
| 4 | പൊതു ശുചിത്വം-മാലിന്യപരിപാലനം | 2512026 | 20000 | 100000 |
| 5 | വൃദ്ധക്ഷേമ പരിപാടികൾ | 2513005 | 590000 | 1749409 |
| 6 | അഗതി ക്ഷേമപരിപാടികൾ | 2513007 | 0 | 177520 |
| 7 | അംഗനവാടി അനുബന്ധ സൗകര്യങ്ങൾ | 2514202 | 730000 | 1095000 |
| 8 | റോഡുകൾ | 2522001 | 0 | 2256799 |
| 9 | ലയിനുകൾ | 2522002 | 75000 | 289542 |
| 10 | നടപ്പാലങ്ങൾ | 2522005 | 0 | 284392 |
| 11 | പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 2522012 | 0 | 333045 |
| 12 | പൊതു കെട്ടിടങ്ങൾ | 2523001 | 0 | 300043 |
| 13 | പൊതു കെട്ടിടങ്ങൾ - മറ്റ് കെട്ടിടങ്ങൾ | 2523002 | 0 | 474299 |
| 14 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യക്ഷേമം | 2552005 | 500000 | 1545727 |
| 15 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി/ഡിസ്പെൻസറി-അലോപ്പതി | 2552006 | 575000 | 1403857 |
| 16 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ മറ്റ് ആസ്തികൾ | 2552017 | 0 | 540819 |

അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/31.03.22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവഴിച്ചതും വകയിരുത്താതെയുള്ള ചെലവുകളും തൊട്ടടുത്ത കമ്മിറ്റിയിൽ തന്നെ സാധൂകരിച്ച് തീരുമാനമാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കേരള പഞ്ചായത്ത്‌രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 07.06.2021 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2019-20 ലെ വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ലെ അതേ തുക തന്നെ 2020-21 ലെ ഷെഡ്യൂളിലും ഉൾപ്പെടുത്തിയിരിക്കുന്നു. 2020-21 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2) ഗ്രാമപഞ്ചായത്തിലെ Fixed Asset-കളുടെ ഡിപ്രിസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3) താഴെപ്പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം | 2020-21 വർഷത്തെ ചെലവ് | 2020-21 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 320200321 | 19976 | 0 | 19976 |
| 2 | 320900101 | 22947 | 0 | 22947 |

4) വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 27,855/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

5) 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുക 2675640/-രൂപയാണ് (Code No. 460500201). 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും അതേ തുക തന്നെ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 225/21 ന്റെ ഭാഗമായി 7,88,976/- രൂപ വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ, 2020-21 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

6) സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 3/21 ന്റെ ഭാഗമായി 74157/- രൂപയും പ്രോജക്ട് നമ്പർ 124/21 ന്റെ ഭാഗമായി 173544/- രൂപയും ചേർത്ത് ആകെ 247701/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ വാർഷിക കണക്കിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ (Code No. 460500202) ആകെ 273412/-രൂപ ചെലവഴിച്ചതായി ചേർത്തിരിക്കുന്നു. കൂടാതെ 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും അതേ തുക തന്നെ ഉൾപ്പെട്ടിരിക്കുന്നു. 25,711/- രൂപയുടെ അധിക ചെലവ് (273412-247701) ഏത് പ്രോജക്ടിന്റെ ഭാഗമായുള്ളതാണെന്ന് വ്യക്തമല്ല.

7) 2019-20 വാർഷിക കണക്കിലെ ബി 9 ഷെഡ്യൂളിലും 2020-21 വർഷത്തെ ഷെഡ്യൂളിലും 350800299 എന്ന Other Liabilites ഹെഡ്ഡിൽ 53,000/- രൂപ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.07/25.03.22-ന് ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സോഫ്റ്റ്‌വെയറിലെ തകരാറുകൾ മൂലമാണ് പല അപാകതകളും വന്നിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്.

8) 2019-20 ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ തുകയൊന്നും തന്നെ ലഭിക്കാനില്ല. എന്നാൽ 2020-21 ൽ താഴെപ്പറയുന്ന ഹെഡിൽ അരിയർ ഇനത്തിൽ തുക വരവുണ്ട്.

| ഹെഡ് | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 280100101 | Prior Period Income - Property Tax | 23341 |

9) Licence For Dangerous And Offensive Traders Register-ലെ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ്, കളക്ഷൻ തുകകൾ 87000/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഡിമാന്റ്, കളക്ഷൻ എന്നിവ 87500/- ആണ്.

10) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 2020-21 വർഷം 100/- രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ 140100102 ഹെഡ്ഡിൽ 50/- രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

11) 2020-21 വർഷം തൊഴിൽ രഹിത ഇനത്തിൽ ചെലവഴിച്ചിരിക്കുന്നത് ആകെ 375480/- രൂപയാണ് (184800+190680). എന്നാൽ വാർഷിക കണക്കിൽ 160100301 ഹെഡ്ഡിൽ 184800/- രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

12) ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 16800 |
| 460509901 | Advance To Others | 1167355 |
| 460100199 | Other Advances | 14430 |

13) പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. 2020-21 വർഷത്തെ മുന്നിരിപ്പ് തുകകൾ സംബന്ധിച്ച വിവരങ്ങളോ തൻ വർഷം ലഭിച്ച ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ മുന്നിരിപ്പ് ഡെപ്പോസിറ്റ് തുകകൾ ഏത് കാലയളവ് മുതലുള്ളതാണെന്ന് വ്യക്തമല്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടുമില്ല.

മേൽ അപാകതകൾ അറിയിച്ചുക്കൊണ്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

14) 2020-21 ലെ വാർഷിക ധനകാര്യപത്രിക ബി 4 ഷെഡ്യൂളിൽ 320700204 ഹെഡ്ഡിൽ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായി 43200/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ബന്ധപ്പെട്ട ലെഡ്ജർ പരിശോധനയിൽ പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും വന്നിട്ടുള്ളതാണെന്ന് വ്യക്തമാണ്. എന്നാൽ പ്രസ്തുത തുക ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതമാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

15) 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ തുകകളും എം.എൻ.ആർ.ഇ.ജി.എസ് രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എൻ.ആർ.ഇ.ജി.എസ് രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|
| 1 | വരവ് | 10,04,18,615 | 1,24,30,650 |
| 2 | ചെലവ് | 10,01,79,522 | 1,25,34,403 |

16) സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2019-20 വർഷം ലഭിച്ച തുകകളിൽ 80,920/- രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ 2020-21 വർഷവും നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ചെലവഴിക്കാത്തതിനും ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരികെ ഒടുക്കാത്തതിനുമുള്ള കാരണം വ്യക്തമല്ല.

മേൽ അപാകതകൾ അറിയിച്ചുക്കൊണ്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.23/30.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

17) കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് (450210102) അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, ഇഷ്യൂ ചെയ്തിട്ടും 3 മാസത്തിനുള്ളിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുകകൾ ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheques ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | 25253/10.11.20 | 22000535/16.11.20 | 300 |
| 2 | 024856/11.08.20 | 22000301/14.08.20 | 3000 |

| | | | |
|---|---|---|---|
| 3 | 023911/31.03.20 | 21901153/31.03.20 | 1500 |
| 4 | 022911/13.12.19 | 21900644/17.12.19 | 500 |
| 5 | 024313/10.06.20 | 22000174/11.06.20 | 950 |
| | | ആകെ | 6250/- |

18) 2019-20, 2020-21 വർഷങ്ങളിലെ ബാലൻസ് ഷീറ്റുകളിൽ Liability In Respect Of Stale Cheques ഹെഡ്ഡിൽ ഒരേ തുക തന്നെയാണ് (6650/-രൂപ) ഉൾപ്പെടുത്തിയിട്ടുള്ളത്. അതിലുൾപ്പെട്ട 3 വർഷം കാലാവധി കഴിഞ്ഞ Stale Cheque തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയുണ്ടോയെന്ന് വ്യക്തമല്ല.

മേൽപ്പറഞ്ഞവയുള്ള വിശദീകരണം ആവശ്യപ്പെട്ടുക്കൊണ്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.47/02.04.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17261362 | 17261362 | 17258504 | 2858 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14915139 | 14915139 | 11312260 | 3602879 |
| വികസനഫണ്ട് (CFC-Performance ഗ്രാന്റ്) | 0 | 8070000 | 8070000 | 1106451 | 6963549 |
| വികസനഫണ്ട് (CFC ഗ്രാന്റ്) | 0 | 17745236 | 17745236 | 8695464 | 9049772 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 15595942 | 15595942 | 3024500 | 12571442 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7681000 | 7681000 | 7271318 | 409682 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5729458 | 5729458 | 5552452 | 177006 |
| എം.എൻ.ആർ. ഇ.ജി.എസ് | 532086 | 100418615 | 100950701 | 100179522 | 771179 |
| ടോട്ടൽ സാനിറ്റേഷൻ | 2440581 | 360000 | 2800581 | 545000 | 2255581 |
| ഐ.സി.ഡി.എസ് | 1156649 | 1054931 | 2211580 | 950000 | 1261580 |
| ശുചിത്വമിഷൻ | 0 | 2691240 | 2691240 | 35000 | 2656240 |
| നബാർഡ് അസിസ്റ്റൻസ് | 19976 | 0 | 19976 | 0 | 19976 |
| നിർമൽ പുരസ്കാർ | 22947 | 0 | 22947 | 0 | 22947 |

2020-21 വർഷം ലഭിച്ച വിവിധ ഗ്രാന്റുകൾ/ഫണ്ടുകളിൽ ഒന്നുപോലും പൂർണമായി ചെലവഴിച്ചിട്ടില്ല. പദ്ധതി തുക

കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

എ) വിവിധ ഗ്രാന്റുകൾ/ ഫണ്ടുകളുടെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 14181235 | 7326921 | 51.67 |
| | പട്ടിക ജാതി | 2279185 | 1101310 | 48.32 |
| സേവനം | പൊതുവിഭാഗം | 64221238 | 34231052 | 53.30 |
| | പട്ടിക ജാതി | 43955029 | 20113999 | 45.76 |
| പശ്ചാത്തലം | പൊതുവിഭാഗം | 25778885 | 18490111 | 71.72 |
| | പട്ടിക ജാതി | 1466686 | 1262517 | 86 |

ബി) 2020-21 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ചുവടെ ചേർക്കും പ്രകാരം വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 17261362 | 17258504 | 2858 |
| | Grant Statement | 17261362 | 20710642 | -3449280 |
| Development Fund (SCP) | ACR | 14915139 | 11312260 | 3602879 |
| | Grant Statement | 14915139 | 12250378 | 2664761 |

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 17 | 16 | 1 | 94 | 2601065 | 2260880 | 87 |
| Ii | വെറ്റിനറി സർജൻ | 12 | 12 | 0 | 100 | 5430100 | 4347375 | 80 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 12 | 11 | 1 | 92 | 3293680 | 3122359 | 95 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 | 300000 | 300000 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 810500 | 808787 | 99 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 11 | 1 | 92 | 31801998 | 16398451 | 52 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 | 6028850 | 6026091 | 99 |
| Viii | സെക്രട്ടറി | 29 | 23 | 6 | 79 | 11614489 | 8612609 | 74 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Ix | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 10 | 0 | 100 | 10802960 | 6444240 | 60 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 53 | 26 | 67 | 34132247 | 20077686 | 59 |
| Xi | എച്ച്.എം. | 17 | 8 | 9 | 47 | 3551235 | 2020737 | 57 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 100 | 1542875 | 1534275 | 99 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2 | 80 | 5440190 | 1601213 | 29 |
| | ആകെ | 213 | 167 | 46 | 78 | 117350189 | 73554703 | 63 |

1) ആകെ വകയിരുത്തിയതിന്റെ 63 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എച്ച്.എം. തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 17 പ്രോജക്ടുകളിൽ 8 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഫണ്ട് വിനിയോഗം 57% . അസിസ്റ്റന്റ് സെക്രട്ടറിയുടെ ഫണ്ട് വിനിയോഗം 29% മാത്രമാണ്. കോവിഡ് നിയന്ത്രണങ്ങളാണ് പ്രോജക്ടുകൾ നടപ്പാക്കാത്തതിന് കാരണമായി അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചിട്ടുള്ളത്.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0195/21 | ആറാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | സെക്രട്ടറി |
| Ii | S0196/21 | ആറാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | സെക്രട്ടറി |
| Iii | S0172/21 | പെരുംകുഴി എൽ.പി.സ്കൂൾ മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | S0173/21 | ആയുർവേദ ആശുപത്രിക്ക് ടോയ്‌ലറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | S0174/21 | പെരുംകുഴി എൽ.പി.എസിന് ടോയ്‌ലറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vi | S0180/21 | മാതശേരിക്കോണം യു.പി സ്കൂളിന് വെഹിക്കിൾ ഷെഡ് പൂർത്തീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | S0189/21 | പഞ്ചായത്ത് ലൈബ്രറി കെട്ടിടം മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Viii | S0190/21 | കമ്മ്യൂണിറ്റി ഹാളിന് സമീപം തുമ്പൂർമൂഴി (എയ്റോബിക് കമ്പോസ്റ്റിംഗ്) | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ix | S0191/21 | കൊട്ടാരംതുരുത്ത് ഇടവഴി ഇന്റർലോക്കിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| X | S0203/21 | മാതശേരിക്കോണം യു.പി സ്കൂൾ മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xi | S0205/21 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xii | S0210/21 | ബാലസഭ പ്രവർത്തനങ്ങൾ | എച്ച്.എം. |
| Xiii | S0211/21 | തുടർ സാക്ഷരത – തുല്യതാ പഠനം | എച്ച്.എം. |
| Xiv | S0213/21 | ശിശു സൌഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ | എച്ച്.എം. |
| Xv | S0214/21 | സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ | എച്ച്.എം. |

ആയുർവേദ ആശുപത്രിക്ക് ടോയ്‌ലറ്റ് നിർമ്മാണ പ്രവൃത്തിക്കായി ആശുപത്രി അധികൃതരുടെ ആവശ്യപ്രകാരമാണ് എസ്റ്റിമേറ്റ് എടുത്തതെങ്കിലും സ്ഥലപരിമിതി കണക്കിലെടുത്ത് പ്രവൃത്തി നടപ്പാക്കിയില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 01/ 23.03.2022-ന്റെ മറുപടി). നാട്ടുകാരുടെ എതിർപ്പുമൂലം എം.സി.എഫും നിർവ്വഹണ ഏജൻസിയായ IRTC പ്രവൃത്തി ആരംഭിക്കാത്തതിനാൽ കമ്മ്യൂണിറ്റി ഹാളിന് സമീപം തുമ്പൂർമൂഴിയും നടപ്പാക്കിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

സെക്രട്ടറിയുടെ നിർവ്വഹണത്തിൽ അംഗീകാരം വാങ്ങിയ സ്പിൽഓവർ പ്രോജക്ടുകൾ, വകയിരുത്തിയ തുകകൾ മതിയാകാതെ വന്നതിനാലാണ് നടപ്പാക്കാഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട്.

വകയിരുത്തിയ ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഭാവിയിലെ പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളുണ്ടായിരുന്നതിനാൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചില്ല. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ സമിതിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വികസന സെമിനാർ

20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 05.02.2020-ന് സംഘടിപ്പിച്ച വികസന സെമിനാറിൽ 113 പേർ പങ്കെടുത്തു. ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചർച്ചയുടെ വിശദാംശങ്ങൾ മിനിട്സ് ചെയ്യാത്തതിനാൽ വികസന സെമിനാർ ക്രിയാത്മകമായിരുന്നോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

2020-21 പദ്ധതി രൂപീകരണത്തിനായി കൃഷി വർക്കിംഗ് 15.02.2020-ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പിന്റെ 29.12.2019, 03.01.2020 എന്നീ തീയതികളിൽ നടന്ന യോഗങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 18/30.03.2022ന്റെ മറുപടി).

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | കുടിവെള്ളം, ശുചിത്വം | 03.01.2020 | എം.സി.എഫ്. നിർമ്മാണം |
| Ii | | 15.02.2020 | കോളനികൾ കേന്ദ്രീകരിച്ച് തുമ്പൂർ മുഴി സ്ഥാപിക്കൽ |
| Iii | വനിതാ വികസനം | 03.01.2020 | 169, 171, 175 നമ്പർ അങ്കണവാടികൾക്ക് സ്ഥലം |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | നടപടികൾ (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 18/30.03.2022-ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | പൊതു ശ്മശാനം | കെ.കെ.വനം, വെയിലൂർ എന്നിവിയങ്ങളിൽ റവന്യൂ ഭൂമി കൈമാറുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ച് കത്ത് നല്കി |
| Ii | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | വിപണന സാദ്ധ്യത ഇല്ലായ്മ | പെരുങ്ങുഴി മാർക്കറ്റിൽ കാർഷിക വിപണനകേന്ദ്രം ആരംഭിച്ചു. |

| | | | | |
|---|---|---|---|---|
| Iii | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | ചെറുകിട സംരഭങ്ങളുടെ അപര്യാപ്തത | കുടുംബശ്രീ മുഖേന 55 ചെറുകിട സംരംഭ യൂണിറ്റുകൾ ആരംഭിച്ചു. |
| Iv | സാമൂഹ്യ നീതി | അതീവ ഗുരുതരം | മയക്കുമരുന്നിന്റെ ഉപയോഗം | എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുന്നു, വിമുക്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | *375480 | 269 |
| കർഷകതൊഴിലാളി പെൻഷൻ | 926900 | 68 |
| വിധവാപെൻഷൻ | 25866000 | 1785 |
| വാർദ്ധക്യകാലപെൻഷൻ | 46233800 | 3387 |
| വികലാംഗപെൻഷൻ | 6666200 | 457 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 452200 | 35 |

* വാർഷിക കണക്കിൽ 184800/- രൂപയുടെ ചെലവ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. 190680/- രൂപയുടെ ചെലവ് വന്നിട്ടില്ല.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.

പഞ്ചായത്ത് ഹാജരാക്കിയ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ശാന്ത | 102400601830 | വിധവ | 20.10.20 | സസ്പെൻഡ് | 11/20 മുതൽ 12/20- 1400 X 2= 2800<br>01/21-1500 | 4300 |
| കരുണാകരൻ | 102400201439 | വാർദ്ധക്യകാലം | 14.10.20 | സസ്പെൻഡ് | 11/20 മുതൽ 12/20- 1400 X 2= 2800 | 2800 |
| സരസ്വതിയമ്മ | 102400201701 | വാർദ്ധക്യകാലം | 03.11.20 | സസ്പെൻഡ് | 12/20- 1400<br>01/21-1500 | 2900 |
| അബ്ദുൾ അസീസ് | 102400202902 | വാർദ്ധക്യകാലം | 21.05.20 | സസ്പെൻഡ് | 06/20 മുതൽ 8/20- 1300 X 3= 3900<br>09/20 മുതൽ | 11000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 12/20- 1400 X 4= 5600<br>01/21-1500 | |
| സരോജിനി.കെ | 102400200275 | വാർദ്ധക്യകാലം | 23.11.20 | സസ്പെൻഡ് | 12/20- 1400<br>01/21-1500 | 2900 |
| പൊന്നമ്മ.കെ | 102400203983 | വാർദ്ധക്യകാലം | 27.12.20 | സസ്പെൻഡ് | 01/21 മുതൽ 2/21- 1500 X 2= 3000 | 3000 |
| ഫാത്തിമുത്ത് | 102400601335 | വിധവ | 21.03.20 | സസ്പെൻഡ് | 04/20 മുതൽ 8/20- 1300 X 5= 6500<br>09/20- 1400 | 7900 |
| സുദേവൻ | 102400204267 | വാർദ്ധക്യകാലം | 23.03.20 | സസ്പെൻഡ് | 04/20 മുതൽ 8/20- 1300 X 5= 6500<br>09/20- 1400 | 7900 |
| രാജമ്മ | 102400201572 | വാർദ്ധക്യകാലം | 09.05.20 | സസ്പെൻഡ് | 06/20 മുതൽ 8/20- 1300 X 3= 3900<br>09/20- 1400 | 5300 |
| പുഷ്പാംഗദൻ | 102400202198 | വാർദ്ധക്യകാലം | 28.05.20 | സസ്പെൻഡ് | 06/20 മുതൽ 8/20- 1300 X 3= 3900<br>09/20- 1400 | 5300 |
| പി.രാജൻ | 102400203042 | വാർദ്ധക്യകാലം | 27.03.20 | സസ്പെൻഡ് | 04/20 മുതൽ 8/20- 1300 X 5= 6500<br>09/20- 1400 | 7900 |
| തങ്കമ്മ | 102400202867 | വാർദ്ധക്യകാലം | 24.06.20 | സസ്പെൻഡ് | 07/20 മുതൽ 8/20- 1300 X 2= 2600<br>09/20-1400 | 4000 |
| | | | | | ആകെ | 65200/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഴൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/30.03.22) ലഭ്യമാക്കിയ മറുപടി പ്രകാരം അധികമായി വിതരണം നടത്തിയ തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുകയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശമനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-പിഎ2 നം. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയതറിയിച്ചിട്ടും തുക തിരികെ ഒടുക്കിയിട്ടില്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | ആധാർ നമ്പർ | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | പൗണ്ടൻ | 102400100077 | 439415073927 | 50200 |
| 2 | ആനന്ദവല്ലി | 102400200961 | 371884711799 | 37600 |
| 3 | വിദ്യാധരൻ | 102400201590 | 779402436790 | 49600 |
| 4 | ഭവാനി | 102400201858 | 818488118922 | 75300 |
| 5 | റസീന | 102400202491 | 226023458561 | 69200 |
| 6 | ശ്രീകുമാരി.കെ | 102400202602 | 881740390117 | 71400 |
| 7 | അജിതകുമാരി.കെ | 102400300022 | 623126117875 | 16900 |
| 8 | വിജയൻ | 102400400349 | 605722959688 | 52800 |
| 9 | രാധ.സി | 102400600256 | 857118013114 | 48000 |
| 10 | ഓമന.എസ് | 102400600273 | 979275530438 | 88100 |
| 11 | സുകുമാരി | 102400601156 | 425615573001 | 55000 |
| 12 | മറിയക്കുട്ടി | 102400601450 | 293140417374 | 5200 |
| 13 | സലീന.കെ | 102400602137 | 555270215093 | 2400 |

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ25/30.03.22) ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതിന് ഒരു ഓർമക്കുറിപ്പ് കൂടി നൽകുന്നതാണെന്നും റവന്യൂ റിക്കവറി ആരംഭിക്കാൻ അടുത്ത കമ്മിറ്റിയിൽ ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5-3 ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം.

1. വിവിധ ക്ഷേമപദ്ധതികളുടെ 2020-21 വർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകളൊന്നും തന്നെ പൂർണമല്ല എന്നു കാണുന്നു. പെൻഷനുള്ള അപേക്ഷ ലഭിച്ച തീയതി, അപേക്ഷകന്റെ പേര് എന്നിവ മാത്രമാണ് മിക്ക രജിസ്റ്ററുകളിലും രേഖപ്പെടുത്തുന്നത്. അപേക്ഷയിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട

കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം. എന്നിവ) പൂർണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. തൊഴിൽരഹിത വേതനപദ്ധതിയുടെ അക്വിറ്റൻസ് രജിസ്റ്ററാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ അപേക്ഷകരുടെ വിവരം കാണിക്കുന്ന ഫോറം നം.4 ലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.37/01.04.22) ലഭ്യമാക്കിയ മറുപടി പൂർണമല്ല. ക്രമ നം.3 നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത്. അതു പ്രകാരം നിലവിൽ തൊഴിൽരഹിത വേതനപദ്ധതിയുടെ അക്വിറ്റൻസ് രജിസ്റ്ററിലാണ് അപേക്ഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതെന്നാണ്. എന്നാൽ 1988-ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങൾ ചട്ടം 6 (iii) പ്രകാരം അപേക്ഷകരുടെ വിവരം കാണിക്കുന്ന ഫോറം 4 രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022, 3.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9200/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. 23.12.2020-ലെ ഓഫീസ് മീറ്റിംഗ് മിനിട്സ് ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. എന്നാൽ, റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004-ലെ കേരള പഞ്ചായത്ത്‌രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2020-ലെ പൌരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2020 വർഷത്തെ പൌരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. പൌരാവകാശരേഖ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിന് ഫ്രണ്ട് ഓഫീസ് ഡസ്കിൽ സൂക്ഷിച്ചുവരുന്നതായും ജനപ്രതിനിധികൾക്ക് നല്കിവരുന്നതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/30.03.2022-ന്റെ മറുപടി).

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. വരവ് ചെലവ് വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് ഉപയോഗിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 32/31.03.22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇനി മുതൽ TR-7A ഫോറത്തിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5)സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-2021 വർഷത്തേക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 21.10.2020-ൽ വിതരണം ചെയ്ത 1760 -ാം നമ്പർ രസീത് ബുക്ക് 2021-2022 വർഷവും ഉപയോഗിച്ചത് മേൽനോട്ടക്കുറവിന് ഉദാഹരണമാണ്.

6)ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്തതായും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയതായും ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

7)ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8)വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി പ്രോജക്ടിൽ പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

9)സിവിൽ സർവീസ് പരീക്ഷ പരിശീലനം പ്രോജക്ടിൽ കരാർ പത്രം ചമയ്ക്കാതെ മുൻകൂറായി തുക അനുവദിക്കുകയും പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ പരിശീലനം നടത്താതിരിക്കുകയും ചെയ്തിട്ടുണ്ട്.

10)7ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പണ്ടാരത്തോപ്പ് ഓട ഭാഗികമായി മൂടിയ നിലയിലാണ്. പ്രോജക്ട് ലക്ഷ്യത്തിലെത്താൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11)മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നതും ടെന്ററുകൾക്ക് മത്സര സ്വഭാവമില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 532086 | 1716743 | 2248829 | 1477650 | 771179* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 98701872 | 98701872 | 98701872 | 0 |
| ആകെ | 532086 | 100418615 | 100950701 | 100179522 | 771179 |

*ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക 768179/- രൂപയാണ്. ബാങ്കിൽ നേരിട്ട് വരവ് വന്നിട്ടുള്ള 3000/- രൂപയുടെ വ്യത്യാസമാണ് നീക്കിയിരിപ്പിൽ വന്നിട്ടുള്ളത്.

എം.എൻ.ആർ.ഇ.ജി.എസ് - വിവിധ പ്രവൃത്തികളിലെ അപാകങ്ങൾ.

2020-21 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി 2020-21 വർഷത്തെ ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| വർക്ക് കോഡ് | 1614008002/IF/445099 |
| പ്രവൃത്തിയുടെ പേര് | കാലിത്തൊഴുത്ത് നിർമ്മാണം |
| ഗുണഭോക്താവ് | ശ്രീമതി നിർമ്മല |
| എം.ബുക്ക് നമ്പർ | 750/2019-20 |
| ചെലവ് തുക | 82124/- |

അപാകങ്ങൾ

1)മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ ചെക്ക് ലിസ്റ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്, 3 ഘട്ടങ്ങളിലെ ഫോട്ടോ, എന്നിവയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)407ാം നമ്പർ മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തൊഴിലാളികൾ മസ്റ്റർ റോളിൽ രണ്ട് ഒപ്പ് രേഖപ്പെടുത്തണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

3)പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

II)

| | |
|---|---|
| വർക്ക് കോഡ് | 1614008002/IF/461025 |

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ആട്ടിൻകൂട് നിർമ്മാണം |
| ഗുണഭോക്താവ് | ശ്രീമതി സുലോചന ബാബു |
| എം.ബുക്ക് നമ്പർ | 634/2019-20 |
| ചെലവ് തുക | 73470/- |

അപാകങ്ങൾ

1)മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ ചെക്ക് ലിസ്റ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്, മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോ എന്നിവയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ (കേരളം) 12.07.2020 - ലെ 2168/ബി 1/2019/ആർ.ഇ.ജി.എസ്. നമ്പർ സർക്കുലർ പ്രകാരം വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് TIN നമ്പറുള്ള വ്യാപാരികളിൽ നിന്നും അംഗീകൃത നിരക്കിൽ സാധനസാമഗ്രികൾ ഗുണഭോക്താക്കൾക്ക് നേരിട്ടു വാങ്ങാവുന്നതും ബില്ലുകൾ ഹജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകാവുന്നതുമാണ്. ആട്ടിൻകൂട് നിർമ്മാണവുമായി ബന്ധപ്പെട്ട് മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ 47806.56/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 40350.32/- രൂപയുടെ ജി.എസ്.ടി ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ മെറ്റീരിയൽ വാങ്ങിയ ഇൻവോയ്സിൽ (നം.13751 തീ.13.02.2020) സാധനം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ളത് കിരൺ എന്ന വ്യക്തിയുടെ പേരിലാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.48/02.04.2022-ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2021 മുതൽ 11.11.2021 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 02.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/2017 | 2011-12 മുതൽ 2015-16 വരെ | 28.08.2018 |

## 1-10 വിതരണം ചെയ്ത ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറിയിൽ നിന്നും വിതരണം ചെയ്ത ഏതാനും പുസ്തകങ്ങൾ നാളിതു വരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമനമ്പർ | വിതരണം ചെയ്ത തിയതി | ആക്സെഷൻ നമ്പർ | പുസ്തകത്തിന്റെ പേര് | കൈപ്പറ്റിയ ആളിന്റെ പേര് |
|---|---|---|---|---|
| 1 | 09.11.2020 | 5844 | ബുദ്ധമതം ഇന്ത്യയിൽ | ദിവ്യ ബി |
| 2 | 16.11.2020 | 3015 | എവർഗ്രീൻ മത്തായിച്ചൻ | ജ്യോതിഷ് പി ഡി |
| 3 | 16.11.2020 | 1413 | ധർമ്മചക്രം | ജ്യോതിഷ് പി ഡി |

| | | | | |
|---|---|---|---|---|
| 4 | 16.11.2020 | 5750 | ശിവപുരാണ കഥകൾ | ജ്യോതിഷ് പി ഡി |
| 5 | 23.11.2020 | 6105 | വിലക്കപ്പെട്ട കനി | ചിഞ്ചു |
| 6 | 25.11.2020 | 5377 | Classic Tales For Children | അനന്യ ലക്ഷ്മി |
| 7 | 25.11.2020 | 6611 | Greedy Horse | അനന്യ ലക്ഷ്മി |
| 8 | 25.11.2020 | 1367 | പരലോകം | അഞ്ജന വിജയൻ |
| 9 | 25.11.2020 | 5646 | I Have A Dream | അഞ്ജന വിജയൻ |
| 10 | 25.11.2020 | 5644 | ആൽക്കെമിസ്റ് | അഞ്ജന വിജയൻ |
| 11 | 25.11.2020 | 2735 | ഇന്ത്യ അർദ്ധരാത്രിമുതൽ | രാഹുൽ എസ് ബി |
| 12 | 28.12.2020 | 1660 | അടുത്തവീട്ടിലെ ആൺകുട്ടി | രമ്യ |
| 13 | 04.01.2021 | 5923 | നീർമാതളം പൂത്തകാലം | രഞ്ജിനി എ |
| 14 | 18.01.2021 | 5546 | സ്പോക്കൺ ഇംഗ്ലീഷ് | മേഘ ആർ |
| 15 | 03.02.2021 | 1388 | പകൽപ്പൂരം | ഷിഫ സുരേഷ് |

തിരികെ ലഭിക്കാത്ത പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/ 25.03.2022-ന്റെ മറുപടി).

പുസ്തകങ്ങൾ തിരികെ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ ലൈബ്രറി പുസ്തകങ്ങളുടെ ഭൌതിക പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 പ്രൊക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

3)ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി 06.10.2020, 22.01.2021, 15.02.2021 എന്നീ തീയതികളിൽ യോഗം കൂടിയിട്ടുണ്ട്.

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, ഹൈമാസ്റ്റ് ലൈറ്റ് റിപ്പയിറിംഗ്, പട്ടികജാതി വിഭാഗക്കാർക്ക് കട്ടിൽ, വാട്ടർടാങ്ക്, വയോജനങ്ങൾക്ക് കട്ടിൽ, ലാപ്‌ടോപ്പ് വാങ്ങൽ, ആയുർവേദാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും എന്നീ പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ നിന്നും വാങ്ങുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അംഗൻവാടികൾക്ക് പാത്രങ്ങളും അലമാരയും വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏജൻസിയിൽ നിന്നും സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മയുള്ളതാണെന്ന് വിലയിരുത്തി ടെണ്ടർ അംഗീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

എന്നാൽ, കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലും വെറ്റിനറി സർജൻ നടത്തിയ കറവ പശു വളർത്തൽ, ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ, മെഡിക്കൽ ഓഫീസർമാരുടെ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ മുതലായവയിലെ വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

കോവിഡ് നിയന്ത്രണങ്ങളാണ് നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 21 / 30.03.2022-ന്റെ മറുപടി).

ഭാവിയിലെ വാങ്ങൽ പ്രക്രിയകളിൽ മാർഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1) 2006-07 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലായി 80 ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു. പ്രസ്തുത കാലയളവിലെ 53 പരാമർശങ്ങളുടെ മറുപടി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 26/30.03.2022-ന്റെ മറുപടി).

2)ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം/ജി.പി.08/1724/2021 തീയതി 25.11.2021 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന് 18.01.2022-ന് ആദ്യ മറുപടി നല്കിയതായി അറിയിച്ചിട്ടുണ്ട്.

3)ലഭ്യമാക്കിയ ഓഡിറ്റ് രജിസ്റ്ററിൽ തീർപ്പാക്കിയ റിപ്പോർട്ടുകളുടെ വിവരം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. തുടർനടപടി കത്തുകളുടെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2017-18 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് ഓഡിറ്റ് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-13 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷം പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി അക്കൌണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/01.04.2022-ന്റെ മറുപടി). എന്നാൽ, വാർഷിക ധനകാര്യ പത്രികയിൽ ദുരിതാശ്വാസ നിധി അക്കൌണ്ട് ഉൾപ്പെട്ടിട്ടില്ല.

ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 06.01.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. 19 മുതൽ 25 വരെയുള്ള കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു. ആസ്തിയാക്കിയ തീയതി, കൂട്ടിച്ചേർക്കലുകൾ, ഡിപ്രിസിയേഷൻ മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

പണ്ടാരത്തോപ്പ് ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ പ്രോജക്ടിൽ ആസ്തി യുണീക് നമ്പരായി രേഖപ്പെടുത്തിയിരിക്കുന്നത് 124010050000000012 എന്നാണ്. എന്നാൽ, ആസ്തി രജിസ്റ്ററിൽ പണ്ടാരത്തോപ്പ് റോഡിന്റെ നമ്പർ 124010050000000309 ആണ്. പ്രസ്തുത റോഡിന്റെ Starting Point, Ending Point എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ആസ്തി രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും നടത്തി കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 13/26.03.2022, 40/01.04.2022 എന്നിവയുടെ മറുപടി).

ആസ്തി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തൽ വരുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ളുവേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

ഓഡിറ്റ് എൻക്വയറി നമ്പർ 14/26.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 ഓഫീസ് വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ KL 16 G 8181 നം. Bolero Jeep-ന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലോഗ്ബുക്കിൽ മാസാന്ത്യ അബ്സ്ട്രാക്റ്റ് എഴുതുന്നുണ്ടെങ്കിലും മേലധികാരികൾ ആരും തന്നെ അത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

2. വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

3. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഉദാ.-വൗച്ചർ നം. 32/22.09.20 പ്രകാരം 3.07.20, 14.07.20 തീയതികളിൽ വാഹനത്തിൽ ഇന്ധനം നിറച്ച വകയിൽ 7432/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ ലോഗ്ബുക്കിൽ പ്രസ്തുത തീയതികളിൽ ഇന്ധനം നിറച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞുകൊണ്ടും മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടുകൊണ്ടും 01.04.2022-ന നൽകിയ 38 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ ഇനി മുതൽ പരിഹരിക്കുന്നതാണെന്നും ആവശ്യപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്നും ഇനി മുതൽ പരിപാലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

പഞ്ചായത്തിന്റെ 2020-21 വർഷത്തെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-17-1 പുതിയ അക്കൗണ്ട് തുടങ്ങുന്നതിനായി തുക അനുവദിച്ചു - അക്കൗണ്ട് ആരംഭിച്ചതിനുള്ള രേഖ ഹാജരാക്കിയില്ല.

വൗച്ചർ നമ്പർ 22000052/27.04.20 പ്രകാരം TDCB, Chirayinkeezhu-ൽ സെക്രട്ടറിയുടെ പേരിൽ പുതിയ അക്കൗണ്ട് ആരംഭിക്കുന്നതിനായി 1000/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പിൽ TDCB-യിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. പുതുതായി ആരംഭിച്ച പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക്, സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട ലെഡ്ജർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/01.04.22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം TDCB, Chirayinkeezhu-ൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം ക്ലോസ് ചെയ്ത് വാങ്ങുന്നതിനായി പ്രസ്തുത ബാങ്കിൽ ഒരു എസ്.ബി അക്കൗണ്ട് തുടങ്ങിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എന്നാൽ അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് അടക്കമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ വിവരം ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-17-2 പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

ചുവടെ പറയുന്ന വൗച്ചറുകൾ പ്രകാരം പർച്ചേസ് ചെയ്ത സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം./തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|---|
| 1 | 22000262/24.07.20 | IR Thermometer | 2 | 5474 |
| 2 | 22000391/15.09.20 | Fire Extinguisher | 2 | 1700 |
| 3 | 22000451/7.10.20 | Rollup Cloth And Pillow Cloth | 100 വീതം | 62118 |
| 4 | 22000555/17.11.20 | Webcam | 1 | 1300 |
| 5 | 22001096/22.03.21 | Laptop | 1 | 10060 |
| 6 | 22000264/29.07.20 | LED TV | 19 | 244910 |

സ്റ്റോക്കിലെടുക്കാത്തതു കൊണ്ട് തന്നെ മേൽ സാധനങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തു എന്നതു സംബന്ധിച്ചും വ്യക്തതയില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/01.04.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് ചെയ്ത സാധനങ്ങൾ യഥാസമയം സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും അവയുടെ വിതരണം സംബന്ധിച്ച് വ്യക്തത നൽകേണ്ടതുമാണ്.

## 1-17-3 വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബിൽ രജിസ്റ്റർ പ്രകാരമുള്ള ചുവടെ പറയുന്ന വൗച്ചറുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | ഇനം | തുക |
|---|---|---|---|
| 1 | 22000192/30.06.20 | സ്റ്റേഷനറി | 1461 |
| 2 | 22000193/30.06.20 | ബെഡ്ഷീറ്റ്, പില്ലോ (ക്വാറന്റീൻ ആവശ്യത്തിന്) | 2375 |
| 3 | 22000713/08.01.21 | ദിവസവേതനം | 42000 |

| | | | |
|---|---|---|---|
| 4 | 63/03.21 (ബിൽ രജിസ്റ്ററിലെ ക്രമ നം.) | Multi Purpose Printer | 40036 |
| 5 | 64/03.21 (ബിൽ രജിസ്റ്ററിലെ ക്രമ നം.) | Laptop | 59038 |
| 6 | 65/03.21 (ബിൽ രജിസ്റ്ററിലെ ക്രമ നം.) | Desktop | 101232 |

വൗച്ചർ ഹാജരാക്കാത്തതിനാൽ ക്രമ നമ്പർ 4, 5, 6 എന്നിവ പ്രകാരം വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ എത്രയെന്ന് വ്യക്തമല്ല. മേൽ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 36/01.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം വൗച്ചർ കാണാതായെന്നും ആയത് പരിശോധിച്ച് കണ്ടെത്തി കൃത്യത ഉറപ്പാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത വൗച്ചറുകൾ എത്രയും വേഗം കണ്ടെത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17-4 വൗച്ചറിനോടൊപ്പം അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

ചുവടെ ചേർക്കുന്ന വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ ചേർത്തിട്ടില്ല.

എ) 220000335/21.08.20 പ്രകാരം പ്രിന്റിംഗ് ചാർജ്ജിനത്തിൽ 8205/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയിസ് ബിൽ ഇല്ല.

ബി) 220000537/16.11.20 പ്രകാരം ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിന് 11279/-രൂപ ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇൻഷ്വറൻസ് പുതുക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 36/01.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചർ തുകകളുടെ ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17-5 പിഎച്ച്സി ഡോക്ടറുടെ താൽക്കാലിക നിയമനം - ഫയൽ ഹാജരാക്കേണ്ടതാണ്.

10.07.2020-ലെ സാധാരണ മീറ്റിംഗിലെ 3(1) -ാം നം. തീരുമാനം പ്രകാരം അഴൂർ പിഎച്ച്സിയിൽ പുതിയ ഡോക്ടറെ തെരഞ്ഞെടുക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് കമ്മിറ്റി എടുത്തിരുന്നു. കമ്മിറ്റി തീരുമാനപ്രകാരം താല്കാലിക അടിസ്ഥാനത്തിൽ 31.07.2020-ന് നിയമിച്ചിട്ടുള്ള ഡോക്ടർക്ക് വിവിധ വൗച്ചറുകൾ പ്രകാരം മാസം 42000/- രൂപ ക്രമത്തിൽ ആകെ 210000/- രൂപ തനത് ഫണ്ടിൽ നിന്നും നൽകി. പ്രസ്തുത നിയമനത്തിന് സ്വീകരിച്ച നടപടികളുടെ വിവരം, കരാർ അടിസ്ഥാനത്തിലാണെങ്കിൽ ബന്ധപ്പെട്ട കരാർ എന്നിവയടക്കം ബന്ധപ്പെട്ട നിയമന ഫയൽ ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/01.04.22-ന് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. നിയമന ഫയൽ, ആവശ്യപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 25,440/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0219/21 |
| പ്രോജക്റ്റിന്റെ പേര് | സുഭിക്ഷ കേരളം - വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 615000 (127200വി.ഫ.+487800 ത.ഫ) |

| | |
|---|---|
| ചെലവ് | 127200 |
| ബിൽ നമ്പർ | 76320 (458/26.03.21), 50880 (459/26.03.21) |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം വീട്ടുവളപ്പിലെ കുളത്തിൽ 1000 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഒരു ടൺ മത്സ്യം ഉല്പാദിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)മേൽ പദ്ധതിയുടെ അധിക ഗുണഭോക്തൃ ലിസ്റ്റ് 18.02.2021 തീയതിയിലെ 2(14)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. മേൽ ലിസ്റ്റ് പ്രകാരം ശ്രീ.പ്രശാന്ത്, പ്രശാന്ത് നിവാസ്, അഴൂർ എന്ന വ്യക്തിയെ ക്രമ നമ്പർ 6 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവ് സമർപ്പിച്ച വരുമാന സർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ശ്രീമതി.ജയകുമാരി എന്ന വ്യക്തിയുടെ പേരിലുള്ളതാണ്. കൂടാതെ ഫിഷറീസ് വകുപ്പ് നൽകിയ അക്വാകൾച്ചർ രജിസ്ട്രേഷനും ശ്രീമതി ജയകുമാരിയുടെ പേരിലാണ്.

2)മേൽ ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിലെ ഫിഷറീസ്/കൃഷി ഓഫീസറുമായി 12.02.2021 ചമച്ച കരാറിൽ ഒന്നാം കക്ഷിയായി പേര് ചേർത്തിട്ടുള്ളത് ശ്രീ.പ്രശാന്ത്.ജെ.എസ് എന്നാണ്. എന്നാൽ കരാറിൽ ഒപ്പുവെച്ചിട്ടുള്ളതും മുദ്രപ്പത്രം നൽകിയിട്ടുള്ളതും ശ്രീമതി ജയകുമാരി.എസ് എന്ന പേരിലാണ്. കൂടാതെ ഇൻവോയ്സുകൾ നൽകിയിട്ടുള്ളത് ശ്രീ. പ്രശാന്തിന്റെ പേരിലാണ്. എന്നാൽ 2020-21 വർഷം മേൽ പ്രോജക്ട് പ്രകാരം സബ്സിഡി തുകയായി 25,440/- രൂപ അനുവദിച്ചു നൽകിയത് ഡോ. പ്രശാന്ത്. ജെ.എസ് എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 15/26.03.2022) ലഭിച്ച മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതും ഗുണഭോക്താവിന്റെ വരുമാന സർട്ടിഫിക്കറ്റ് കൂടാതെയും വാർഷിക വരുമാന പരിധി പരിശോധിക്കാതെയും സബ്സിഡി തുക അനുവദിച്ച് നൽകിയതും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തെ വീഴ്ചയാണ്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കുന്നതാണ്.

## 1-19 തരിശ്ഭൂമി നെൽകൃഷി - അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0215/21 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം -തരിശ്ഭൂമി നെൽകൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 80000 (വികസന ഫണ്ട്) |
| ചെലവ് | 70000 |
| ബിൽ നമ്പർ | 463/26.03.2021 |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം തരിശ് ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. ഷുക്കൂർ, വാഴവിള വീട്, ചെമ്പുംമൂല, അഴൂർ എന്ന വ്യക്തി ശ്രീ.മണിയൻ/ഗോപി വട്ടവിളവീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 15/6, 24 ആർ 60 സ്ക്വയർ മീറ്റർ നിലത്തിൽ കൃഷി ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിലം മൂന്ന് വർഷമായി തരിശായി തുടരുന്നതായാണ് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായ പ്രോജക്ട് നമ്പർ 134, കേദാരം (നെൽകൃഷി വികസനം രണ്ടാം വിള) എന്ന പദ്ധതിയിൽ ശ്രീമതി.സലിജ.എസ്, നെട്ടുവേലി വീട്, മുട്ടപ്പലം എന്ന വ്യക്തി മേൽ സൂചിപ്പിച്ച (സർവ്വേ നം.15/6) നിലത്തിൽ നെൽകൃഷി നടപ്പാക്കിയതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 33/31.03.2022) ലഭിച്ച മറുപടിയിൽ ശ്രീമതി.സലിജ എസ്, നെട്ടുവേലി വീട്, മുട്ടപ്പലം എന്ന വ്യക്തി സമർപ്പിച്ച കരം തീർത്ത രസീതിൽ പുരയിടമായി ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലും നെൽകൃഷി നടപ്പാക്കിയിട്ടുണ്ടെന്നും സർവ്വേ നമ്പർ 15/6-ൽ പൂർണമായും നെൽകൃഷി മുൻവർഷം നടപ്പാക്കിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷയിലും അന്വേഷണ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അപേക്ഷകൾ കൃത്യമായും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 കിണർ റീചാർജ്ജിംഗ് - വരുമാനരേഖകൾ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO135/21 |
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ് |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 180000<br>(93600 വികസന ഫണ്ട് + 21600 ബ്ലോക്ക് പഞ്ചായത്ത്<br>+ 64800 ജില്ല പഞ്ചായത്ത്) |
| ചെലവ് | 180000 |

മേൽ പദ്ധതി പ്രകാരം കിണർ റീചാർജ്ജിംഗ് നടപ്പാക്കുന്നതിനായി 50 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണോഭോക്താക്കൾക്കും വാർഷിക വരുമാന പരിധിയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ അപേക്ഷയിൽ ഗുണഭോക്താക്കളുടെ വരുമാന വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വരുമാനം തെളിയിക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 33/31.03.2022) ലഭ്യമാക്കിയ മറുപടിയിൽ വരുമാന വിവരങ്ങൾ പരിശോധന നടത്തിയിട്ടുണ്ടെന്നും ഭാവിയിൽ രേഖകൾ കൃത്യമായും ഫയലിൽ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പത്രപ്പരസ്യം - നിരക്ക് കണക്കാക്കിയതിൽ അപാകത.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO001/21 |
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണവും മോണിറ്ററിംഗും |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 300000 (തനത് ഫണ്ട്) |
| ചെലവ് | 112392 |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഒ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഒ (പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ് എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ട് കണക്കാക്കിയിട്ടില്ല. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമം നമ്പർ | ഇൻവോയ്സ് നമ്പർ | ബിൽ തുക |
|---|---|---|
| 1 | BLTVM00358151/20.10.2020 | 7661 |
| 2 | BLTVM00352966/13.06.2020 | 7661 |
| 3 | BLTVM00357632/01.10.2020 | 12768 |
| 4 | BLTVM00357910/15.10.2020 | 10214 |

| | | |
|---|---|---|
| 5 | BLTVM00354825/05.08.2020 | 7661 |
| 6 | BLTVM00358218/28.10.2020 | 10214 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 09/25.03.2022) ലഭിച്ച മറുപടിയിൽ 20% ഡിസ്കൗണ്ട് ഉൾപ്പെടെയാണ് തുക കണക്കാക്കിയത് എന്നാണ് കേരളകൗമുദിയിൽ നിന്നും അറിയിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. കേരളകൗമുദിയിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിലെ സ്ക്വയർ സെന്റീമീറ്ററിലെ നിരക്കുകൾ ഡിസ്കൗണ്ട് ഉൾപ്പെടെ 321/-രൂപ എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ജി.ഒ (പി) നം.2/2020/I&PRD തീ.10.12.2020 ഉത്തരവ് പ്രകാരം കേരളകൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 01.04.2019 മുതൽ 158/-രൂപയാണ്. കൂടാതെ 15% ഡിസ്കൗണ്ടും ഉൾപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 കമ്പ്യൂട്ടർ എ.എം.സി - ഉപകരണങ്ങളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0004/21 |
| പ്രോജക്ടിന്റെ പേര് | കമ്പ്യൂട്ടർ എ.എം.സി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 125000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 125000 |

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കും 2020-21 വർഷത്തേയ്ക്ക് മേൽ പ്രോജക്ട് പ്രകാരം എ.എം.സി കരാർ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ, കെൽട്രോണിന് നൽകിയ മേൽ കരാർ പ്രകാരമുള്ള ഉപകരണങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/25.03.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള ഉപകരണങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - വാഹന വാടക വിശദാംശം രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0235/21 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1200000<br>(തനത് ഫണ്ട്) |
| ചെലവ് | 997547 |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാഹന വാടക ഇനത്തിൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ട്രിപ്പ് ഷീറ്റിൽ വാഹനം സഞ്ചരിച്ച ദൂരം, വ്യക്തമാക്കിയിട്ടില്ല. കൂടാതെ ട്രിപ്പ് ഷീറ്റ് പ്രകാരം തുക കണക്കാക്കിയതിന്റെ വിശദാംശം വൗച്ചറിൽ വ്യക്തമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന രജി നമ്പർ | ഡ്രൈവർ | മാസം | തുക | മാസം | തുക |
|---|---|---|---|---|---|
| KL32-C- 5566 | രാമഭദ്രൻ | 08/2020 | 59200 | 09/2020 | 65400 |
| KL022 H 6741 | സജീവൻ | 08/2020 | 36400 | 09/2020 | 68700 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 06/25.03.2022) ലഭിച്ച മറുപടിയിൽ

ഗ്രാമപഞ്ചായത്തിന് പുറത്തുള്ള ആംബുലൻസുകൾ പഞ്ചായത്തിൽ എത്തിച്ചേരുന്നതിന് ആവശ്യമായ വാടക, രോഗികളെ കൊണ്ട് പോകുന്നതിനുള്ള ചാർജ്, വെയ്റ്റിംഗ് ചാർജ്, പി.പി.ഇ കിറ്റ് എന്നിവ ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ വൗച്ചറുകളിലോ ട്രിപ്പ് ഷീറ്റിലോ ഇത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കിയിട്ടില്ല. വൗച്ചറുകളിൽ തുകകളുടെ വിശദാംശം വ്യക്തമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 ജലജീവൻ മിഷൻ - ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0225/21 |
| പ്രോജക്റ്റിന്റെ പേര് | ജലജീവൻ മിഷൻ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 2400000 (543976(വി.ഫ.) + 245000 (ധ.ഗ്രാന്റ്) + 1611024 (ഗു.വി)) |
| ചെലവ് | 788976 |
| ബിൽ നമ്പർ | 342/25.02.2021 (245000), 341/25.02.2021 (543976) |

ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. കേന്ദ്രസർക്കാർ 45% വിഹിതം, സംസ്ഥാന സർക്കാർ 30% വിഹിതം, ഗ്രാമപഞ്ചായത്ത് 15% വിഹിതം, ഗുണഭോക്തൃ വിഹിതം 10% ഉൾപ്പെടെയാണ് പദ്ധതി നടപ്പാക്കുന്നത്. 2020-21 വർഷം പദ്ധതി പ്രകാരം 788976/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടിവെള്ള കണക്ഷൻ അനുവദിച്ച 1650/- ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം നാളിതുവരെ പിരിച്ചെടുക്കുകയോ ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 3/24.03.2022) ലഭിച്ച മറുപടിയിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ചെക്ക് നമ്പർ / തീയതി |
|---|---|---|---|
| 1 | ലളിത, ഷീജ വിലാസം, ശക്തിപുരം, ശാസ്തവട്ടം പി ഒ | 40000/- | 22/18-19, 25.11.19 |
| 2 | ഗിരിജ, ചരുവിള വീട്, പറകോണം, ശാസ്തവട്ടം പി ഒ | 40000/- | 4/19-20, 24.10.19 |
| 3 | ശാരദ, സ്മിത ഭവൻ, ശാസ്തവട്ടം പി ഒ | 40000/- | 12/18-19, 07.09.18 |
| 4 | ശ്യാമിനി, പഴവിള വീട്, ചേമ്പുംമൂല | 40000/- | 04/20-21, 25.02.21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 45/02.04.2022-ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയതായി അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിൽ കാലതാമസം.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -ആയുർവേദം |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ, മൾട്ടി പർപ്പസ് പ്രിൻറർ, യു.പി.എസ് എന്നിവ വാങ്ങൽ |
| നമ്പർ | SO020/21 |
| അടങ്കൽ തുക | 65,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് തുക | 63350/-<br>(45400-ബിൽ നം.- 2/ 05-03-2021<br>20188- ബിൽ നം.- 3/ 15-03-2021) |

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി പർപ്പസ് പ്രിൻറർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനായി 65000/- രൂപ വകയിരുത്തി. CPRCS വഴി ഡെസ്ക്ക്ടോപ്പ്, പ്രിൻറർ എന്നിവയ്ക്ക് ഓർഡർ നൽകി കെൽട്രോണിന് 63350/-രൂപ കൈമാറിയെങ്കിലും ഓർഡർ പ്രകാരമുള്ള പ്രിൻറർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഡെസ്ക്ക്ടോപ്പ് നാളിതുവരെയായും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/25-03-2022) മറുപടിയായി കോവിഡ് പ്രതിസന്ധി കാരണം നിർമാണോപകരണങ്ങളുടെ ദൗർലഭ്യം കാരണമാണ് കാലതാമസം ഉണ്ടാകുന്നതെന്ന കെൽട്രോണിന്റെ വിശദീകരണം അറിയിച്ചിട്ടുണ്ട്. കാര്യാലയത്തിൽ നിന്നും വിവിധ ദിനങ്ങളിലായി കെൽട്രോണിന് അയച്ചിട്ടുള്ള കത്തുകൾ ലഭ്യമാക്കിയിട്ടുണ്ട്. കെൽട്രോണിന്റെ ഭാഗത്തു നിന്നുള്ള കാലതാമസം കാരണം ആയുർവേദ ആശുപത്രിയിലെ ദൈനംദിന പ്രവർത്തനങ്ങൾ ബാധിക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. കെൽട്രോണുമായുള്ള കത്തിടപാടുകൾ തുടരുകയും ഡെസ്ക്ക്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരങ്ങളില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| നമ്പർ | SO063/21 |
| അടങ്കൽ തുക | 500000 (വികസന ഫണ്ട്) |
| ചെലവ് തുക | 5,00,000 (ബിൽ നമ്പർ 26/ 29-03-2021) |

മേൽ പറഞ്ഞ പദ്ധതി പ്രകാരം നാലു മുതൽ ആറു മാസം പ്രായമുള്ള കന്നുകുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിനു ശേഷം ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് വിഹിതം 500000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ ചെലവ് തുക ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ എത്രയാണെന്ന് അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/31-03-2022) ധനവിനിയോഗ സാക്ഷ്യപത്രത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. കൈ മാറിയ തുകയ്ക്ക് അനുസൃതമായ ധനവിനിയോഗ സാക്ഷ്യപത്രം കൃത്യമായി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-28 സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നമ്പർ | SO062/21 |
| അടങ്കൽ തുക | 200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് തുക | 2,00,000 (ബിൽ നമ്പർ- 27/ |

| | |
|---|---|
| | 29-03-2021) |

പ്രസ്തുത പദ്ധതി വഴി 2020-21 സാമ്പത്തിക വർഷം ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ മുൻ വർഷത്തെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. നിർദ്ദേശപ്രകാരം ഹാജരാക്കിയ മുൻ വർഷങ്ങളിലെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്യാത്ത മരുന്നുകൾ അവശേഷിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററിന്റെ തുടർച്ച ഉറപ്പ് വരുത്താത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/31-03-2022) മുൻ വർഷങ്ങളിലെ മരുന്നുകളുടെ നീക്കിയിരിപ്പ് തുടർന്ന് മുന്നിരിപ്പായി രേഖപ്പെടുത്താത്തതിന് കാരണം അറിയിച്ചിട്ടില്ല. വരും വർഷങ്ങളിൽ സ്റ്റോക്ക് രജിസ്റ്ററിന്റെ തുടർച്ച ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്തവർക്ക് ധന സഹായം അനുവദിച്ചു.

| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ ( വനിത ) |
|---|---|
| അടങ്കൽ തുക | 1296000 (648000 വികസന ഫണ്ട്, 648000 മറ്റുള്ളവ) |
| ചെലവ് തുക | 4,56,000 (ബിൽ നം.-12/12-02-2021തുക 336000, ബിൽ നം.- 16/12-03-2021 തുക 88000 ബിൽ നം.-22/ 29-03-2021തുക 32000) |
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

1. പദ്ധതി പ്രകാരം 57 ഗുണഭോക്താക്കൾക്ക് 8000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഒരു ആടിന് 16000/- രൂപയാണ് വിലയായി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി വഴിയുള്ള ധന സഹായം 8000/- രൂപയാണ്. ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവ് നേരിട്ട് ആടിനെ വാങ്ങി ഇൻഷ്വർ ചെയ്യേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിനെ നൽകിയ വ്യക്തിയുടെ പേര് | ബിൽ നമ്പർ |
|---|---|---|---|
| 1 | സീന | അഫ്സൽ | 12/12-02-2021 |
| 2 | സതി. പി | രമ്യ .ആർ | 12/12-02-2021 |
| 3 | രാധ. എ | വനജ. വി | 12/12-02-2021 |
| 4 | ഗിരിജ | ഉഷ .ആർ | 22/29-03-2021 |
| 5 | സഞ്ജു | അനിത. എസ് | 16/12-03-2021 |
| 6 | സജ്ന. എ | ഹൗലത്ത്ബീവി | 16/12-03-2021 |
| 7 | ഷൈലാ ബീവി.എം.എ | സബീന | 16/12-03-2021 |
| 8 | ഷൈലജ | സന്ദീപ്. എസ് | 16/12-03-2021 |
| 9 | ബേബി. സി | ശോഭന. പി | 12/12-02-2021 |

ഇൻഷുറൻസ് ഇല്ലാത്ത അപേക്ഷകർക്ക് ധനസഹായം അനുവദിച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/31-03-2022) ആട് വളർത്തൽ പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളും ആടുകളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ ആടുകളെ ഇൻഷ്വർ ചെയ്ത പോളിസി സർട്ടിഫിക്കറ്റിനായി ഇൻഷ്വറൻസ് ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ വ്യക്തികളിൽ ബേബി. സി, പാലവിള വീട് (IV/33) എന്ന ഗുണഭോക്താവ് ഒപ്പിട്ടു നൽകിയിരിക്കുന്ന കരാർ പത്രം പശു വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ടതാണ്.

## 1-30 പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടമില്ലാതെ പദ്ധതി നിർവ്വഹണം നടത്തി.

പർച്ചെയിസ് സമിതിയുടെ മേൽനോട്ടമില്ലാതെ വിവിധ പദ്ധതികൾ വഴി ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | പദ്ധതി വഴി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ധനസഹായം |
|---|---|---|---|
| 1 | കറവപ്പശു വളർത്തൽ (വനിത) SO064/21 | 38 | 27500x38=1045000 |
| 2 | കറവപ്പശു വളർത്തൽ (SCP) വനിത SO094/21 | 10 | 35000x10=350000 |
| 3 | ആട് വളർത്തൽ വനിത SO095/21 | 57 | 8000x57= 456000 |
| 4 | ആട് വളർത്തൽ വനിത (SCP) SO096/21 | 14 | 12000x14= 168000 |

കർഷകൻ സ്വന്തം നിലയിൽ ആടുകളെ മറ്റു പഞ്ചായത്തുകളിൽ നിന്നും വാങ്ങി കൊണ്ട് വരുമ്പോൾ വെറ്റിനറി സർജൻ അതിന്റെ ആരോഗ്യവും വളർച്ചയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപെടുത്തുന്ന രീതിയാണ് തുടർന്ന് വരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/31-03-2022ന്റെ മറുപടി). ജി ഒ (പി ) നം . 126/ 96/ കൃഷി തീയതി 04-03-1996 പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതി ആയിരിക്കണം വാങ്ങൽ നടത്തേണ്ടതെന്നും, ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണമെന്നുമുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പർച്ചേസ് കമ്മിറ്റി റിപ്പോർട്ടുകളുടെ അഭാവത്തിൽ ആടുകളെയും പശുക്കളെയും വാങ്ങിയിട്ടുള്ളത് നിശ്ചിത മാനദണ്ഡപ്രകാരമാണെന്നും വില ന്യായവും യുക്തവുമാണെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 ഗുണഭോക്തൃ വിഹിതം കൈമാറിയതിന്റെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വിവിധ പദ്ധതികളിലെ ഗുണഭോക്തൃ വിഹിതമായി കൈമാറിയ തുകകൾ പൂർണമായും 2020-21 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ ഉൾപെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.മുട്ടക്കോഴി വളർത്തൽ (എസ്.സി.പി) 97/21 പദ്ധതി വഴി മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനു എഗ്ഗർ നഴ്സറിക്ക് ചുവടെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | കോഴികളുടെ എണ്ണം | പ്ലാൻ ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 400x110 | 33000 | 11000<br>ചെക്ക് നമ്പർ.<br>026391/22-03-2021 | 44000 |
| 2 | 50x110 | 4125 | 1375<br>ചെക്ക് നമ്പർ<br>674220/30-03-2021 | 5500 |
| | | | | 49500/- |

ഇതിൽ 1375/- രൂപയുടെ ചെലവ് 2020-21 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2.മുട്ടക്കോഴി വളർത്തൽ ജനറൽ -പദ്ധതി (98/21) വഴി മുട്ടക്കോഴികളെ വിതരണം ചെയ്യതിന എഗ്ഗർ നഴ്സറിക്ക് ചുവടെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | കോഴികളുടെ എണ്ണം | പ്ലാൻ ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|
| 1 | 1100x110 | 60500 | 60500<br>ചെക്ക് നമ്പർ<br>026392/23-03-2021 | 121000 |
| 2 | 150x110 | 8250 | 8250<br>ചെക്ക് നമ്പർ<br>026377/ 30-03-2021 | 16500 |
| | | | | 137500/- |

ഇതിൽ 8250/- രൂപയുടെ ചെലവ് 2020-21 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതി വഴി ചെലവഴിച്ച തുക ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/31-03-2022) ഇത് സംബന്ധിച്ചുള്ള കൃത്യമായ വിശദീകരണം നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ചെലവ് പത്രിക പൂർണവും കൃത്യവുമല്ല എന്നാണ് ഇതിൽ നിന്നും മനസിലാകുന്നത്. ഒരു സാമ്പത്തിക വർഷം നടത്തുന്ന ചെലവുകൾ എല്ലാംതന്നെ ചെലവ് പത്രികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അതിന വീഴ്ച സംഭവിച്ചിട്ടുള്ളത് ഗുരുതരമായ പിഴവാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ടെണ്ടർ നടപടികൾ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലാബിലേക്കുള്ള റിയേജന്റും അനുബന്ധ വസ്തുക്കളും വാങ്ങൽ (ആർദ്രം ) |
| നമ്പർ | S0067/21 |
| അടങ്കൽ തുക | 75000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം ) |

| | |
|---|---|
| ചെലവ് തുക | 75000<br>(ബിൽ നമ്പർ 16/ 25-03-2021<br>തുക 55492,<br>ബിൽ നമ്പർ 11/ 30-09-2020<br>തുക 5647<br>ബിൽ നമ്പർ 3/14-08-2020<br>തുക 13861 ) |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ PHC |

പദ്ധതി പ്രകാരം 75000/- രൂപ ചെലവഴിച്ച് വിവിധ വസ്തുക്കൾ മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ വാങ്ങുന്നതിനായുള്ള ടെൻഡർ നടപടികൾ സംബന്ധിച്ച രേഖകൾ; ദർഘാസ് പരസ്യം , മറ്റു സ്ഥാപനങ്ങളുടെ ക്വോട്ടേഷൻ, സ്ഥാപനം ഹാജരാക്കിയിട്ടുള്ള കരാർ പത്രം തുടങ്ങിയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ അംഗീകരിച്ചതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള കൃത്യത പരിശോധിച്ച് ബോധ്യപ്പെടാൻ അവശ്യരേഖകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ- രേഖകൾ അപൂർണം.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. യു പി സ്കൂൾ |
| പ്രോജക്ടിന്റെ പേര് | സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ (ഷീ പാഡ് ) |
| നമ്പർ | S0127/21 |
| അടങ്കൽ തുക | 75000 ( വികസന ഫണ്ട് ) |
| ചെലവ് തുക | 75000<br>(ബിൽ നമ്പർ 2/14-08-2020<br>തുക 40000<br>ബിൽ നമ്പർ 18/ 26-03-2021<br>തുക 35000 |

പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് വിമൻസ് കോർപ്പറേഷന് 4488 ഷീ പാഡ് ആവശ്യപ്പെട്ടുകൊണ്ട് പാഡ് ഒന്നിന് 16.71/- രൂപ വെച്ച് 75000/- രൂപ കൈമാറി. എന്നാൽ ആവശ്യപ്പെട്ട എണ്ണത്തിലുള്ള പാഡുകൾ സ്റ്റോക്കിൽ എടുത്തതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആവശ്യപ്പെട്ടത് പ്രകാരമുള്ള പാഡുകൾ ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ അതിനാൽ തന്നെ സാധിച്ചിട്ടില്ല. 6 സ്കൂളുകളിൽ സാനിറ്ററി പാഡ് വിതരണം ചെയ്തിട്ടുണ്ടെന്നാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ( ഗവ യു.പി.എസ് മാതശ്ശേരിക്കോണം, ഗവ യു.പി.എസ് മാടൻവിള, ഗവ യു.പി.എസ് അഴൂർ, എച്ച്.എസ് അഴൂർ, എച്ച്.എസ്. എസ് അഴൂർ, എച്ച്. എസ് വെയിലൂർ). എന്നാൽ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42) മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ എണ്ണത്തിലുള്ള പാഡുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചതായി ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. സ്റ്റോക്ക് / വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 സിവിൽ സർവീസ് പരീക്ഷ പരിശീലനം- കരാർ പത്രം ചമയ്ക്കാതെ മുൻകൂറായി തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സിവിൽ സർവീസ് പരീക്ഷ പരിശീലനം |
| നമ്പർ | S0142/21 |

| | |
|---|---|
| അടങ്കൽ തുക | 201000 (വികസന ഫണ്ട്- SCP) |
| ചെലവ് തുക | 49000 (ബിൽ നമ്പർ 24/ 11-04-2020) |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. യു പി സ്കൂൾ |

പ്രസ്തുത പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 49000/- രൂപയും (ബിൽ നമ്പർ 5/19-20, 17-03-2020), 2020-21 സാമ്പത്തിക വർഷം 49000/- രൂപയും ഐസക് എഡ്യൂക്കേഷണൽ ആൻഡ് കൾച്ചറൽ സൊസൈറ്റി എന്ന സ്ഥാപനത്തിന് 10-03-2020 ന സമർപ്പിച്ച 008, 009 എന്നീ ബില്ലുകളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ആകെ 7-03-2020, 8-03-2020 എന്നീ ദിവസങ്ങളിലാണ് സിവിൽ സർവീസ് പരീക്ഷ പരിശീലനത്തിന്റെ ക്ലാസ്സ് നടത്തിയിട്ടുള്ളത്. 7-03.2020-ന് നടന്ന ക്ലാസ്സിൽ VIII, IX, X എന്നീ സ്റ്റാന്റേർഡുകളിലെ 38 പേരും 8-03.2020-ന് നടന്ന ക്ലാസ്സിൽ 26 പേരുമാണ് പങ്കെടുത്തിട്ടുള്ളത്. തുടർന്നുള്ള ദിവസങ്ങളിൽ കൊറോണ വ്യാപനം കാരണം കോച്ചിംഗ് ക്ലാസ്സ് നടത്തിയിട്ടില്ല. കോവിഡ് മാനദണ്ഡങ്ങളിൽ മാറ്റം വരുന്നതിനു അനുസരിച്ച് ക്ലാസ്സുകൾ നടത്താൻ സന്നദ്ധത അറിയിച്ചുകൊണ്ട് സ്ഥാപനം 24-04-2020-ന ലഭ്യമാക്കിയ കത്തിൽ കൈപ്പറ്റിയ 98000/- രൂപ ആകെയുള്ള 50 ക്ലാസ്സുകളിലെ 14 ക്ലാസുകളുടെ അഡ്വാൻസ് തുകയാണെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. പ്രസ്തുത പദ്ധതി പ്രകാരം പരീക്ഷ പരിശീലനത്തിന് ഐസക് എഡ്യൂക്കേഷണൽ ആൻഡ് കൾച്ചറൽ സൊസൈറ്റി എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല . ഇത് സംബന്ധിച്ചുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2.രണ്ട് ദിവസത്തെ ക്ളാസ്സ് മാത്രം നടത്തിയ സ്ഥാപനത്തിന് അഡ്വാൻസ് തുക നൽകിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. അഡ്വാൻസ് തുക കൈമാറും മുൻപ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ക്ലാസ്സുകൾ സംബന്ധിച്ച രേഖപെടുത്തലുകൾ നടത്തി കരാർ പത്രം ഒപ്പിട്ടു കൈപ്പറ്റിയിട്ടില്ല.

3.കൈമാറിയത് എത്ര ക്ലാസ്സുകൾക്കുള്ള അഡ്വാൻസ് തുകയാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം 10-03-2020-ന് നൽകിയിട്ടുള്ള ബില്ലുകൾ പ്രകാരം ഇത് 16 ദിവസത്തെ ക്ലാസ്സിനുള്ള ഫീസ് ആണ്. എന്നാൽ ഇതേ സ്ഥാപനം 24-04-2020-ന ലഭ്യമാക്കിയിരിക്കുന്ന കത്തിൽ ഇത് 14 ദിവസത്തെ ക്ലാസ്സുകൾക്കുള്ള ഫീസ് ആണെന്നാണ് പരാമർശിച്ചിരിക്കുന്നത്.

4. ഫാക്കൽറ്റി റെമ്യൂണറേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഫീസ്, ലൈറ്റ് റിഫ്രഷ്മെന്റ് എന്നീ ഇനങ്ങൾക്കായിട്ടാണ് തുക കൈമാറിയിട്ടുള്ളത്. 7, 8 എന്നീ തീയതികളിൽ വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം നൽകിയതിന്റെ വൗച്ചറുകളോ നിർവഹണോദ്യോഗസ്ഥന്റെയോ മോണിറ്ററിങ് സമിതിയുടെയോ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. ക്ലാസ്സുകളുടെ സംഘാടനം, കൃത്യമായ പരിശീലനം, ഫലപ്രാപ്തി എന്നിവ സംബന്ധിച്ചുള്ള മോണിറ്ററിങ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

6. ക്ലാസ്സുകൾ സംഘടിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ പ്രതിപാദിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.42-ന മറുപടി ലഭ്യമാക്കിയിട്ടില്ല . രണ്ട് ദിവസത്തിനുള്ള ക്ലാസ്സിന്റെ തുക കഴിച്ച് ബാക്കി തുക അടിയന്തിരമായി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി സർച്ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-35 കൊട്ടാരം തുരുത്ത് വടക്കുവിളാകം ഇടവഴി ഇന്റർലോക്ക് പാകൽ – ബോർഡ് സ്ഥാപിച്ചില്ല – 5707/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ്നമ്പർ | S0181/21 |
| പേര് | കൊട്ടാരം തുരുത്ത് വടക്കുവിളാകം ഇടവഴി ഇന്റർലോക്ക് പാകൽ |
| അടങ്കൽ തുക | 500000 (വികസന ഫണ്ട്) |
| ചെലവ് | 284392 |
| ബിൽ നമ്പർ | 58/30.03.2021 |
| എം ബുക്ക് നമ്പർ | 370/19-20 |
| കരാറുകാരൻ | പ്രജോധനൻ (എസ്റ്റിമേറ്റ് നിരക്ക്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

എ)പ്രസ്തുത പ്രവൃത്തിയുടെ 7-ാം ഇനമായി Providing And Laying Of Inerlocking Concrete Block Pavement Having Thickness 80mm ... 176.287$m^2$ ന് 816.02/$m^2$ നിരക്കിൽ 143853.72/-രൂപ നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത ഇടവഴിയുടെ വീതി 2.20മീറ്ററാണ്. ആയതിനാൽ High Traffic-ന് സാദ്ധ്യതയില്ലാത്ത ഇടവഴിയാണ്.

01.04.2022-ന് ഓഡിറ്റ് ടീം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായി നടത്തിയ സ്ഥലപരിശോധനയിൽ, ഇന്റർലോക്ക് ചെയ്ത പ്രസ്തുത നടപ്പാതയുടെ പരമാവധി വീതി 2.25 മീറ്ററാണെന്നും ആയതിനാൽ ഹെവി ട്രാഫിക്കിന്റെ സാധ്യതയില്ലായെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. Providing And Laying Of Inerlocking Concrete Block Pavement Having Thickness 60mm ... എന്നതിന്റെ നിരക്കായ 753.38/$m^2$ നല്കിയിരുന്നുവെങ്കിൽ 11042/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

നല്കിയത് - Providing And Laying Of Inerlocking Concrete Block Pavement Having Thickness 80mm ... 176.287$m^2$ ന് 816.02/$m^2$ നിരക്കിൽ 143853/- രൂപ

നല്കേണ്ടത് - Providing And Laying Of Inerlocking Concrete Block Pavement Having Thickness 60mm ... 176.287$m^2$ ന് 753.38/$m^2$ നിരക്കിൽ 132811/- രൂപ

അധിക ചെലവ് - 143853 – 132811 = 11042/- രൂപ

ബി)പ്രസ്തുത പ്രവൃത്തിയുടെ 8-ാം ഇനമായി Supplying And Fixing Name Board Of Size 75x60 Cm In Appropriate Place Visible To The Public Made Of Brick Wall With Granite Plaque .... ന് 5706.99/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ, സ്ഥലപരിശോധനയിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/31.03.2022-ന്റെ മറുപടിയിൽ 80mm കനത്തിലുള്ള ഇന്റർലോക്ക് പാകിയതിന്റെ കാരണം പരാമർശിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 44/01.04.2022-ന്റെ മറുപടിയായി സാങ്കേതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് 80mm കനത്തിലുള്ള ഇന്റർലോക്ക് പാകിയതെന്നും ഇനി ഇത്തരത്തിലുള്ള പിശക് ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. നെയിം ബോർഡ് സ്ഥാപിച്ചോയെന്നത് പരിശോധിക്കാൻ സാധിക്കാതെ വന്നത് വീഴ്ചയാണെന്നും പ്രസ്തുത ഇനത്തിൽ നല്കിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഹെവി ട്രാഫിക് ഇല്ലാത്ത നടപ്പാതകളിൽ 80mm കനത്തിലുള്ള ഇന്റർലോക്കിന്റെ ഉപയോഗം ഒഴിവാക്കി ചെലവ് കുറയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നെയിംബോർഡിനായി നല്കിയ തുകയായ 5707/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടാതാണ്. തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കുന്നതാണ്.

## 1-36 7 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പണ്ടാരത്തോപ്പ് ഓട ഭാഗികമായി മൂടിയ നിലയിൽ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO200/21 |
| പേര് | പണ്ടാരത്തോപ്പ് ഓട നിർമ്മാണം വാർഡ് 1 |
| അടങ്കൽ തുക | 726000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 715504 |
| ബിൽ നമ്പർ | 23/17.09.2020 തുക 473363<br>31/03.12.2020 തുക 242141 |
| എം ബുക്ക് നമ്പർ | 238/18-19 |
| കരാറുകാരൻ | പ്രജോധനൻ (724963.04) |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി നമ്പർ | 16/26.03.2022 |

ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ഉൾപ്പെട്ട പണ്ടാരത്തോപ്പിൽ നിലവിൽ മഴവെള്ളം ഒലിച്ചുപോകുന്നതിന് ഓടയില്ലാത്തതിനാൽ 119 മീറ്റർ നീളത്തിൽ റോഡിന്റെ ഇരുവശത്തും ഓട പണിത് റോഡിന് കുറുകെ 5 മീറ്റർ നീളത്തിൽ കൽവെർട്ട് നിർമ്മിച്ച് അതിലൂടെ വരുന്ന വെള്ളം തോടിൽ എത്തിക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

എ)എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പ്രകാരം പ്രവ്യത്തിയുടെ ഇനങ്ങൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം നമ്പർ | ഇനം | എസ്റ്റിമേറ്റ് അളവ് | റിവൈസ്ഡ് എസ്റ്റിമേറ്റ് അളവ് | എം ബുക്ക് പ്രകാരമുള്ള അളവ് |
|---|---|---|---|---|
| 1 | Excavation For Structures.... | 138.263m$^3$ | 199.493 M$^3$ | 199.492m$^3$ |
| 2 | Providing Concrete For Plain / Reinforced Concrete In Open Foundations... Nominal Mix 1:3:6 | 10.676 M$^3$ | 16.206 M$^3$ | 16.206 M$^3$ |
| 3 | Providing Concrete For Plain / Reinforced Concrete In Open Foundations... Nominal Mix 1:2.5:5 | 59.629m$^3$ | 62.922 M$^3$ | 62.922 M$^3$ |
| 4 | Providing Concrete For Plain / Reinforced Concrete In Open Foundations... Nominal Mix 1:2:4 | 2.506 M$^3$ | 2.973 M$^3$ | 2.972 M$^3$ |
| 5 | Providing Concrete For Plain / Reinforced Concrete In Open Foundations... RCC Grade M20 | 7.582 M$^3$ | 0.908 M$^3$ | 0.9075m$^3$ |
| 6 | Supplying, Fitting And Placing TMT Bar | 0.759tonne | 0.147 Tonne | 0.147tonne |

| | | | | | |
|---|---|---|---|---|---|
| | Reinforcement In Foundation.. | | | | |

ബി) ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിവിധ കത്തുകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

കരാറുകാരന്റെ 24.05.2019-ലെ കത്തിൽ വാനംവെട്ടി ബെഡ് കോൺക്രീറ്റ് ചെയ്തതിനു ശേഷം പ്രദേശത്തെ ഒരു വ്യക്തിയുടെ പരാതിയിന്മേൽ പ്രവൃത്തി നിർത്തി വച്ചിരുന്നുവെന്നും ആയതിനാൽ നാളിതുവരെയുള്ള വർക്ക് മെഷർ ചെയ്ത് വർക്ക് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള കത്ത് (നമ്പർ 74/ AE/ LSGD/ AZR/ 2019-20 തീയതി 27.05.2019).

"പ്രവൃത്തി 17.05.2019-ന് ആരംഭിക്കുകയും 40 മീറ്ററോളം ഓട കുഴിച്ച് Bed Concrete പൂർത്തിയാക്കുകയും ചെയ്തു. സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി തട്ടടിച്ച് വരവെ 24.05.2019-ൽ സക്കീർ ഹുസൈൻ എന്ന വ്യക്തി, ടി ഓട കുഴിച്ചിരിക്കുന്നത് ടിയാന്റെ വസ്തു കൈയ്യേറിയാണെന്നും ഓട തുടങ്ങിയിരിക്കുന്ന ഭാഗത്തെ വെള്ളം കയറിക്കിടക്കുന്ന പ്രദേശം ടിയാന്റെ വസ്തുവിൽ ഉൾപ്പെട്ടതാണെന്നും അതിനാൽ പ്രവൃത്തി നിർത്തിവയ്ക്കണമെന്നും ഫോണിലൂടെ അറിയിച്ചു. ടിയാന്റെ വസ്തുവിന്റെ റോഡ് ഉൾപ്പെടുന്നതും അതിർത്തി വ്യക്തമാക്കുന്നതുമായ സ്കെച്ച് സമർപ്പിക്കുന്ന മുറയ്ക്ക് കൈയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാമെന്ന് ടിയാനെ അറിയിക്കുകയും അതുവരെ പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.... "

അസിസ്റ്റന്റ് എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള 12.06.2019-ലെ കത്തിൽ രേഖകൾ ലഭിച്ചിട്ടില്ലായെന്നും തുടർപണികൾ ചെയ്യാൻ കഴിയാത്ത അവസ്ഥയാണെന്നും കാലവർഷത്തിൽ റോഡിന്റെ വശങ്ങൾ ഇടിഞ്ഞ് ഓടയിൽ വീഴുകയും വെള്ളം കെട്ടിക്കിടക്കുകയും ചെയ്തതായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.

പരാതിക്കാരന്റെ വസ്തുവിനോട് ചേർന്ന ഔട്ട്ലെറ്റ് ഒഴിവാക്കുന്നതിനും ടി ഓട 2020-21 ൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് റോഡിലേക്ക് എക്സ്റ്റന്റ് ചെയ്ത് വെള്ളം തിരിച്ചുവിടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് AE-യ്ക്ക് നിർദ്ദേശം നൽകി ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് [നമ്പർ 9(3) /25.10.2019].

Acknowledgement Form Of Handing Over The Site To The Contractor – Appendix 2100A-യിൽ സ്ഥലം കൈമാറിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. 25.07.2018-നാണ് കരാർ വച്ചത്. എന്നാൽ, പ്രവൃത്തി ആരംഭിച്ചത് 17.05.2019-നാണ്.

ഭരണസമിതിയുടെ 3(4)/07.01.2020-ാം നമ്പർ തീരുമാനപ്രകാരം പുതിയ ഔട്ട്ലെറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 4(10)/ 07.09.2020-ാം നമ്പർ തീരുമാനപ്രകാരം ഭാഗികമായി നിർവ്വഹിച്ച പണ്ടാരത്തോപ്പ് ഓട നിർമ്മാണം പ്രവൃത്തിയുടെ തുക നല്കുന്നതിനും അപകടാവസ്ഥയിലുള്ള ഓട മൂടുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ആദ്യ എസ്റ്റിമേറ്റ് പ്രകാരം അളവുകൾ പരിമിതപ്പെടുത്തി, 17.09.2020-ൽ പാർട്ട് ബിൽ നല്കുകയും, പുതുക്കിയ എസ്റ്റിമേറ്റിലെ അളവുകൾ പ്രകാരം ചെയ്ത അളവുകൾക്ക് 03.12.2020-ൽ ഫൈനൽ ബിൽ നല്കുകയും ചെയ്തു.

01.04.2022-ൽ നടത്തിയ സ്ഥലപരിശോധനയിൽ, 42 മീറ്റർ നീളത്തിൽ (ഇനം1 – Excavation, ഇനം 2- Base Concrete) പ്രവൃത്തി ചെയ്തത് മണ്ണിട്ട് മൂടിയ നിലയിലും കാട് പിടിച്ച അവസ്ഥയിലുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പണ്ടാരത്തോപ്പ് റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും (ആസ്തി രജിസ്റ്റർ പേജ് നമ്പർ 55, യൂണീക് നമ്പർ 124010050000000309) റോഡിന്റെ Starting Point, Ending Point എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നിർമ്മിക്കാൻ ലക്ഷ്യമിട്ട ഓടയുടെ ഔട്ട്ലെറ്റ് നിശ്ചയിച്ചതിലുള്ള അപാകത മൂലം നിർമ്മിച്ച ഓടയുടെ 42 മീറ്റർ മൂടേണ്ടിവന്നു. പ്രസ്തുത ഓട പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-37 വയൽതിട്ട കുളം നവീകരണത്തിനായി മൂന്ന് പ്രോജക്ടുകൾ.

വയൽതിട്ട കുളത്തിലെ പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ വർഷങ്ങളിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി ഒരേ സമയം രണ്ട് കരാറുകാർ പ്രവൃത്തി നടത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0201/21 |
| പേര് | വയൽതിട്ട കുളം നവീകരണം വാർഡ് 2 |
| അടങ്കൽ തുക | 200000 (വികസന ഫണ്ട് -SCP) |
| ചെലവ് | 179023 |

| | |
|---|---|
| | |
| ബിൽ നമ്പർ | 20/13.08.2020 |
| എം ബുക്ക് നമ്പർ | 150/18-19 |
| കരാറുകാരൻ | ജോയ്.എസ്.ദാസ്.(0.05% Below) |
| 2018-19 വർഷ പ്രോജക്റ്റ് | SO079/19 |
| 2019-20 വർഷ പ്രോജക്റ്റ് | SO158/20 |
| എസ്റ്റിമേറ്റ്റിപ്പോർട്ട് | കുളത്തിന്റെ വലതു വശം 30മീറ്റർ സൈഡ് വാളും നടപ്പാത ഇന്റർലോക്കിംഗും |

| | |
|---|---|
| പ്രോജക്റ്റ്നമ്പർ | SO156/21 |
| പേര് | വയൽതിട്ട കുളം നവീകരണം രണ്ടാം ഘട്ടം |
| അടങ്കൽ തുക | 150000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 146452 |
| ബിൽ നമ്പർ | 13/11.05.2020 |
| എം ബുക്ക് നമ്പർ | 370/19-20 |
| കരാറുകാരൻ | സുരേഷ് ബാബു (0.05% Below) |
| 2019-20 വർഷ പ്രോജക്റ്റ് | SO190/20 |
| എസ്റ്റിമേറ്റ് റിപ്പോർട്ട് | കുളത്തിന്റെ ഒരു വശം RR കെട്ടിയിരുന്നത് പൊളിഞ്ഞുവീഴാറായ അവസ്ഥയിലായതിനാൽ 15 സെ.മീ വീതിയിലും 1 മീറ്റർ ഉയരത്തിലും കമ്പിയിട്ട് കോൺക്രീറ്റ് ചെയ്യുന്നതിനും കുളത്തിലെ വെള്ളം വറ്റിച്ച് ചെളി കോരി വൃത്തിയാക്കുന്നതിനും. |

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | SO140/21 | |
| പേര് | വയൽതിട്ട കുടിവെള്ള പദ്ധതിയും കുളം നവീകരണവും | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് -SCP | 325559 | 325559 |

| | | |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 102941 | 36237 |
| ആകെ | 428500 | 361796 |
| ബിൽ നമ്പർ | 05/16.04.2020 തുക 325559<br>12/11.05.2020 തുക 36237 | |
| എം ബുക്ക് നമ്പർ | 72/19-20 | |
| കരാറുകാരൻ | സുരേഷ് ബാബു (0.01% Below) | |
| 2019-20 വർഷ പ്രോജക്ട് | S0059/20 | |
| എസ്റ്റിമേറ്റ് റിപ്പോർട്ട് | ഫയലിൽ സൂക്ഷിച്ചിട്ടില്ല | |
| റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് | സൈഡ്‌വാൾ കെട്ടുന്നതിനും കുളത്തിന്റെ സൈഡിൽ ഇന്റർലോക്ക് ഇടുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ, ഓടയിൽ സ്ലാബ് ഇട്ടിട്ടുള്ളതിന്റെ ബാക്കി ഭാഗം സ്ലാബിടാനുണ്ടായിരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. | |

മൂന്ന് ഘട്ടമായാണ് ഫണ്ട് ലഭിച്ചതെന്നതിനാലാണ് ഇപ്രകാരം ഒരേ പ്രവൃത്തി സ്ഥലത്ത് മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 28/31.03.2022-ന്റെ മറുപടി).

ഒരു പ്രവൃത്തിക്കായി ഒന്നിലധികം പ്രോജക്ടുകൾ തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-38 എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 -ലും പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം |
|---|---|---|---|
| I | SO204/21 | കുഴിയം കുടിവെള്ള പദ്ധതി | 2 മുതൽ 9 വരെയുള്ള ഇനങ്ങളിൽ 6-ാം ഇനം ഒഴികെ മറ്റ് ഇനങ്ങൾ ഒഴിവാക്കി 7 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി |
| Ii | SO187/21 | കാട്ടിൽ ചരുവിള കോളനി റോഡിൽ സ്റ്റെപ്പ് നിർമ്മാണം | ആദ്യ നാല് ഇനങ്ങളിലും സ്റ്റെപ്പ് മാറ്റി റാമ്പ് ആക്കിയും 5-ാം ഇനം ഒഴിവാക്കിയും രണ്ട് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് പുതുക്കി. |
| Iii | SO170/21 | പി.എച്ച്.സി. പ്രവേശന കവാടം പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും | 8മുതൽ 14 വരെയുള്ള ഇനങ്ങൾ ഒഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ (നെയിം ബോർഡ് ഉൾപ്പെടെ) ഉൾപ്പെടുത്തി. |

പ്രസ്തുത വിഷയത്തിന് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 19/30.03.2022) പത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് വിവിധ കാരണങ്ങൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ, കൃത്യമായ സ്ഥലപരിശോധനയുടെ അഭാവമാണ് പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയും പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കിയും പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ടെന്ററുകൾക്ക് മത്സര സ്വഭാവമില്ല.

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്ററുകളിൽ മത്സര സ്വാഭാവമില്ലായെന്ന് കാണുന്നു. വിശദാംശം ഏതാനും ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ക്വാട്ട് ചെയ്ത തുക | അടുത്ത തുക ക്വാട്ട് ചെയ്തയാളിന്റെ പേര് | ക്വാട്ട് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|
| I | കുഴിയം കുടിവെള്ള പദ്ധതി മെയിന്റനൻസ് | പ്രജോധനൻ | 149790 | ജോയ്.എസ്.ദാസ് | 149793 | - |
| Ii | കാട്ടിൽ ചരുവിള കോളനി റോഡിൽ സ്റ്റെപ്പ് നിർമ്മാണം | ദീപരാജ് | 0.015% Below | പ്രജോധനൻ | 0.003% Below | - |
| Iii | വയൽതിട്ട കുളം നവീകരണം വാർഡ്2 | ജോയ്.എസ്.ദാസ് | 0.05% Below | - | - | സിംഗിൾ ടെന്റർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| Iv | കൊട്ടാരം തുരുത്ത് വടക്കുവിളാകം ഇടവഴി ഇന്റർലോക്ക് പാകൽ | പ്രജോധനൻ | എസ്റ്റിമേറ്റ് നിരക്ക് | - | - | സിംഗിൾ ടെന്റർ |
| V | പി.എച്ച്.സി പ്രവേശന കവാടം പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും | പ്രജോധനൻ | 781059.99 | - | - | സിംഗിൾ ടെന്റർ. GSTകോമ്പൻസേഷൻ ഒഴികെയുള്ള എസ്റ്റിമേറ്റ് തുക 781079.53 |

കാലാകാലങ്ങളായി പഞ്ചായത്തിൽ പ്രദേശവാസികളായ കുറച്ച് കരാറുകാർ മാത്രമാണ് പ്രവൃത്തി ചെയ്യുന്നതെന്നും 2020-21 വർഷം 5 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ ഇ - ടെന്റർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെന്റർ മുഖേനയുമാണ് നടപ്പാക്കിയതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/30.03.2022-ന്റെ മറുപടി). വെബ്സൈറ്റിലും പത്രങ്ങളിലും നോട്ടീസ് ബോർഡിലും പരസ്യങ്ങൾ നല്കുന്നതായും അറിയിച്ചിട്ടുണ്ട്.

ടെന്ററുകൾക്ക് മത്സരസ്വഭാവമുണ്ടാകാൻ അനുയോജ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിന്റെ മിതവ്യയം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 .

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 .

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | 51000 | കേദാരം (നെൽകൃഷി | 51000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വികസനം ഒന്നാം വിള) | | |
| | | 0 | 21600 | കിണർ റീചാർജ്ജിംഗ് | 21600 | 0 |
| | | 0 | 200000 | ലൈഫ് ഭവന പദ്ധതി എസ്‌സിപി | 200000 | 0 |
| | | 0 | 80000 | ന്യൂ ലൈഫ് ലക്ഷം വീട് കോളനികളിലെ വീട് നവീകരണം (ജനറൽ) | 80000 | 0 |
| | | 0 | 299250 | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 299250 | 0 |
| | | 0 | 300000 | പകൽവീട് നടത്തിപ്പ് - അഴൂർ | 300000 | 0 |
| | | 0 | 600000 | ക്ഷീരസമൃദ്ധി | 600000 | 0 |
| | | 0 | 125967 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 125967 | 0 |
| | | 334060 | 0 | മുൻ വർഷത്തെ വിവിധ പ്രോജക്ടുകൾ | *253140 | 80920 |
| ആകെ | | 334060 | 1677817 | | 1930957 | 80920 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 51000 | കേദാരം (നെൽകൃഷി വികസനം ഒന്നാം വിള) | 51000 | 0 |
| | | 0 | 51000 | കേദാരം (നെൽകൃഷി വികസനം രണ്ടാം വിള) | 51000 | 0 |
| | | 0 | 64800 | കിണർ റീചാർജ്ജിംഗ് | 64800 | 0 |
| | | 0 | 562815 | ലൈഫ് ഭവന പദ്ധതി ജനറൽ | 562815 | 0 |
| | | 0 | 1100000 | ലൈഫ് ഭവന പദ്ധതി എസ്‌സിപി | 1100000 | 0 |
| | | 0 | 917185 | ലൈഫ് ഭവന പദ്ധതി ജനറൽ | 917185 | 0 |
| | | 0 | 1129451 | ലൈഫ് ഭവന പദ്ധതി എസ്‌സി | 1129451 | 0 |
| | | 0 | 1040000 | കോളിച്ചിറ പണ്ടാരവിള ലക്ഷം വീട് കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം | 1040000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 299250 | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 299250 | 0 |
| | | 0 | 30000 | ക്ഷീരസമൃദ്ധി | 30000 | 0 |
| | | 0 | 63123 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 63123 | 0 |
| | | 0 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്റ്റുകൾ | 0 | 0 |
| ആകെ | | 0 | 5308624 | | 5308624 | **0 |

* ബ്ലോക്കിലേക്ക് തിരിച്ചടച്ച ചെലവഴിക്കാതെ അവശേഷിച്ച ബാലൻസ് തുക.

** വാർഷിക കണക്കിൽ 320700205 എന്ന ഹെഡ്ഡിൽ 43200/- രൂപ വരവ് കാണിച്ചിരിക്കുന്നു (തനത് ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തത്).

| | 2019-20 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 334060 | 1677817 | 2011877 | 1677817 | 334060 | 253140 | 80920 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 5351824 | 5351824 | 5308624 | 43200 | 0 | 43200 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കെ.എസ്.ഇ.ബി | 645908 | 3/21 കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റ് | 74157 | - | 74157 | - | 893609 |
| | | 124/21 കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റ് | 173544 | - | 173544 | - | |
| | | ആകെ | 247701* | | 247701 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2675640 | 225/21 ജലജീവൻ മിഷൻ | 788976 | - | 788976 | - | **3464616 |

* വാർഷിക കണക്കിൽ RP-47 ചെലവിനത്തിൽ (കെ.എസ്.ഇ.ബി) 273412/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 247701/- രൂപയാണ്. 25711/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വ്യക്തതയില്ല.

** വാർഷിക കണക്കിൽ നീക്കിയിരിപ്പ് തുക 2675640/- എന്ന തന്നെ കാണുന്നു. 2020-21 വർഷം ഡെപ്പോസിറ്റ് വർക്കിനു നൽകിയ 788976/- രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ നീക്കിയിരിപ്പിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല.

| | 2019-20 B-18, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 645908 | 273412 | 919320 | - | 919320 | 919320 |
| കേരള വാട്ടർ അതോറിറ്റി | 2675640 | - | 2675640 | - | 2675640 | 2675640 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ തീ.18.05.2018 | 29360589 | 8520000 | 3295256 | 34585333 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | കാലാവധി |
|---|---|---|---|
| 1057521 | 7,84,252 | 6.10% | 10.06.2020 മുതൽ 09.06.2021 വരെ |

സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2020-21-ലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 10929850 |
| ഓഡിറ്റ് വർഷത്തെ വരവ് | 101688187 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 100422487 |
| നീക്കിയിരിപ്പ് | 12195550 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31147 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 25440 | ശ്രീമതി അനശ്വര.ആർ.എസ്., കൃഷി ഓഫീസർ |
| 1-35 | 5707 | ശ്രീമതി രമ്യ.കെ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 31147/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനശ്വര.ആർ.എസ്., കൃഷി ഓഫീസർ | ലഭ്യമല്ല | കൃഷ്ണശ്രീ, പാലക്കുന്ന്, ചിറയിൻകീഴ്.പി.ഒ. തിരുവനന്തപുരം. |
| ശ്രീമതി രമ്യ.കെ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അഴൂർ ഗ്രാമപഞ്ചായത്ത് | വൃന്ദാവൻ, മൺവിള, പാങ്ങപ്പാറ.പി.ഒ., തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 5 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 7 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018/ തീയതി 05.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 761/2017/ തീയതി 20.04.2017 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 761/2017/ തീയതി 20.04.2017 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 201/2019/ തീയതി 30.04.2019/29.05.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/65/2020/ തീയതി 01.12.2020 | 11 |
| 2019-20 | കെ.എസ്.എ.റ്റി.വി.എംജി.പി.8/1724/ 2021തീയതി 25.11.2021 | 33 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്